K73

# സദാചാരരത്നാവലി

## രണ്ടാം ഭാഗം.

1184
9.73

കെ. പപ്പുപിള്ള, ബി. എ.

പ്രസാധകന്മാർ,

കരാർ ആർ സുന്ദരമെയ്യർ ആൻറ് കോ,

പുളിമൂട്ട്, പുത്തൻചന്ത തിരുവനന്തപുരം.

രണ്ടാം പതിപ്പ് കാപ്പി—൧൦൦൦൦.

വില ചക്രം ൧൨

# സദാചാരരത്നാവലി

## രണ്ടാം ഭാഗം.

1184/173

---

കെ. പപ്പുപിള്ള, ബി. ഏ.

---

പ്രകാശകന്മാർ,

കരാർ, ആർ. സുന്ദരമയ്യർ ആൻറ് കോ,

പുളിമൂട്, പുത്തൻചന്ത, തിരുവനന്തപുരം.

---

പകർപ്പവകാശം പ്രസാധകനിൽ.

വില ചക്രം ൧൨

“സരസ്വതീവിലാസം” പ്രസ്സ്,

തിരുവനന്തപുരം.

രണ്ടാംപതിപ്പ് കാപ്പി-൧൫൦൦

൧൦൯൩.

# സദാചാരരത്നാവലി

## രണ്ടാം ഭാഗം.

### ആത്മാഭിമാനം.

അന്യന്മാരുടെ സ്വഭാവത്തെയും, സ്ഥിതിയെയും, നടത്തയെയും, നടപടിയെയും, പരിശോധിക്കുന്നതിന് നമുക്ക് എളുപ്പത്തിൽ സാധിക്കുന്നു. നമ്മെത്തന്നെ പരിശോധിക്കേണ്ടതായ ആത്മോദ്ദേശ്യകധർമ്മത്തെ നാം പലപ്പോഴും അനാദരിക്കുന്നു. നാം മററുള്ളവരെപ്പററി വിചാരിക്കുന്നതുപോലെതന്നെ, അവർ നമ്മുടെ ഗുണദോഷാദികളെ സംബന്ധിച്ച് വിചിന്തനം ചെയ്യുമെന്നുള്ളതാകുന്നു. നമ്മുടെ ശക്തികളെ പൂർണ്ണമായ അധീനതയിലും മനസ്സിനെ പരിശുദ്ധമായ അവസ്ഥയിലും വച്ചുകൊണ്ടിരുന്നെങ്കിൽ മാത്രമെ ആത്മാഭിമാനത്തെ സംരക്ഷിക്കുവാൻ നാം ശക്തിയുള്ളവരായിത്തീരുകയുള്ളു.

തന്നെക്കുറിച്ച് തനിക്കുതന്നെ ബഹുമതി തോന്നിയില്ലെങ്കിൽ മററാരാണ് ബഹുമാനിക്കുന്നത്. ഈ ബഹുമതി തോന്നണമെങ്കിൽ, ജീവിതം അതിപാവനമായിരിക്കേണ്ടതാണ്. തൻെറ ശക്തികളെ താൻതന്നെ പരിഗണനം ചെയ്യാതെ അവയെ പുച്ഛമായി തള്ളിക്കളയുവാൻ പാടില്ലാത്തതുമാകുന്നു. നികൃഷ്ടമായും ഹീനമായും പുച്ഛമായും തുച്ഛമായും അഗണ്യമായും അലക്ഷ്യമായും നമ്മെപ്പററി നാം ത

ുന്നവിചാരിച്ചുകൂടാത്തതാകുന്നു. നാം മററുള്ളവർക്ക് ഒരാദർശമായിരിക്കണമെന്നുള്ള വിചാരത്തോടുകൂടിപ്രവർത്തിച്ചാൽ ആത്മാഭിമാനം ഉള്ളവർ എന്നുള്ള പേരിന് അർഹന്മാരായിത്തീരുന്നതാണ്. നാം പലപ്പോഴും നമ്മെ തന്നെ നല്ലതിന്മണ്ണം കാണുന്നില്ല എന്നാൽ അന്യന്മാരെ പലവിധത്തിൽ വ്യക്തമായി കാണുന്നുണ്ട്. ചില ഉത്തമപുരുഷന്മാരുമായുള്ള സംസർഗ്ഗം നാം സമ്പാദിക്കുന്നു. ഗ്രന്ഥമുഖേന മററു പല മഹാന്മാരുമായി നാം പരിചയപ്പെടുന്നു മഹാന്മാരെ സംബന്ധിച്ചുള്ള ചരിത്രങ്ങളോ കഥകളോ വായിക്കുമ്പോൾ പലവിധങ്ങളായ ക്ഷോഭങ്ങൾ നിത്യപരിചയംകൊണ്ടെന്നതുപോലെ മനസ്സിൽ ഉദിക്കുന്നു അവരുടെ നടപടികളെ അനുകരിക്കുന്നതിന് നമുക്കുത്സാഹമുണ്ടാകുന്നു. അവരുടെ അപജയങ്ങളെയും തെററുകളെയും പററി നാം സഹതപിക്കുന്നു. ഇതുകൊണ്ടുതന്നെയാണ് മഹാന്മാരുടെ ഉത്തമജീവിതത്തെപ്പററി പ്രസ്താവിക്കുന്ന ഗ്രന്ഥങ്ങൾ നാം വായിക്കണമെന്നു നിർബ്ബന്ധമുള്ളതു്.

നാം ഏതവസ്ഥയിലിരുന്നാലും നമ്മുടെ പ്രവൃത്തിയെ ഉത്തമമായ മാർഗ്ഗത്തിൽ കൊണ്ടുപോകണമെന്നു ഒരു നിർബ്ബന്ധം വെച്ചുകൊള്ളേണ്ടതാകുന്നു. സ്വാഭാവിക ന്യായത്തെയും ഈശ്വരകല്പനയേയും രാജനീതികളേയും, സാമുദായിക നിബന്ധനകളേയും, നിരസിച്ചു് നാം ഒന്നുംതന്നെ പ്രവർത്തിക്കേണ്ടതായിട്ടില്ല. ഉത്തമമായ മാർഗ്ഗങ്ങൾ ഇന്നതാണെന്നു നമ്മുടെ മനഃസ്സാക്ഷിതന്നെ നമുക്ക് അറിവുതരുമെന്നുള്ളതാകുന്നു. ലോകപരിചയംകൊണ്ടും ഈ അറിവിനെ അഭിവൃദ്ധമാക്കാൻ നമുക്ക് കഴിയുന്നതുമാകുന്നു.

ഗുണപ്രയോജകങ്ങളായ കാര്യങ്ങളെ സ്വീകരിക്കയും ദോഷകരങ്ങളായവയെ വർജ്ജിക്കയും ചെയ്യണമെന്നു മനഃ

സാക്ഷിതന്നെ നിർബ്ബന്ധിക്കുമ്പോൾ ഗുണത്തെ ഉപേക്ഷിച്ചു ദോഷത്തെ സ്വീകരിക്കുന്നതു് എന്തിനായിട്ടാണു് ? ക്ഷണഭംഗുരങ്ങളായ ഇച്ഛകളെ സാധിക്കുന്നതിനായി ഗൌരവപ്പെട്ട കർത്തവ്യത്തെ വിസ്മരിച്ചുകളയുന്നതു് ഉചിതമാണോ ?

താൻ നിർഭാഗ്യവാനായി ജനിച്ചിരിക്കുന്നുവെന്നു സദാ വിചാരിച്ചുകൊണ്ടിരിക്കുന്നവന്നു് ഒരിക്കലും ഭാഗ്യമുണ്ടാകുന്നതല്ല. പരിസരസംഗതികൾ തനിക്കു് യാതൊരു ആനുകൂല്യവും ചെയ്യുന്നില്ലെന്നു ചിലർ വിഭ്രമിക്കുന്നുണ്ടു്. ഈ പരിസരസംഗതികൾതന്നെ മററുള്ളവർക്കു് പ്രാതികൂല്യമായി ഭവിക്കുന്നില്ലാത്തതിനെപ്പററി അവർ ഒന്നുംതന്നെ വിചാരിക്കുന്നുമില്ല.

ഭാഗ്യം എന്നുള്ള ഒരവസ്ഥ പ്രത്യേകമായുണ്ടെന്നും ജനനത്തിങ്കൽതന്നെ ഭാഗ്യവാനായിരുന്നില്ലെങ്കിൽ ഈ ലോകരംഗത്തിൽ വിശ്രുതനായ ഒരു നടനായി കഴിച്ചുകൂട്ടുവാൻ സാധിക്കുന്നതല്ലെന്നുമുള്ള മോഹവിചാരം ചിലരെ ബാധിക്കുന്നുണ്ടു്. ഈ വിചാരത്തോടുകൂടി ജീവിക്കുന്നവർക്കു് വലുതായ വിജയങ്ങളൊന്നും പ്രാപ്തമാകുന്നതല്ല. നമ്മിൽതന്നെ ചില വലുതായ ശക്തികളുണ്ടെന്നു നാം അറിയേണ്ടതാകുന്നു. ഈശ്വരദത്തമായ ഈ ശക്തികളെ വിസ്മരിക്കുന്നതും ഉപയോഗിക്കാതെയിരിക്കുന്നതും ഒരുവിധമായ ഈശ്വരദൂഷണമാകുന്നു.

ജീവിതകാലത്തു നാം ചെയ്യേണ്ടതായ പ്രവൃത്തികളെ ചെയ്യുന്നതിന്നു ശക്തരാകാതെ ദേഹത്തിനെയും മനസ്സിനെയും ക്ഷീണിപ്പിച്ചു് മററുള്ളവരുടെ ഹാസ്യത്തിന്നു പാത്രവാന്മാരായിത്തീരുന്നതു പരിതാപകരമായ അവസ്ഥയാകുന്നു.

മററുള്ളവർ, നാം അലസന്മാരെന്നോ, ഭീരുക്കളെന്നോ ഭാവിക്കുന്നു എങ്കിൽ അവരുടെ അഭിപ്രായത്തിനെ

സ്ഥിരീകരിക്കുന്നതിന്ന് സൌകൎയ്യം കൊടുക്കുന്നതു് യുക്തമായിരിക്കുമൊ? ആത്മാഭിമാനമുള്ളവർ അതിലേയ്ക്കു് വഴിപ്പെടുമൊ? നമ്മെപ്പററി നമുക്കുതന്നെ വിശ്വാസമില്ലെങ്കിൽ മററുള്ളവർ എത്രതന്നെ ബഹുമാനിക്കും.

നാം പോകുന്ന മാൎഗ്ഗത്തിലെല്ലാം അഭിവൃദ്ധിയും ജയവും ഉണ്ടെന്നു കാണിക്കേണ്ടതു് നമ്മുടെ കടമയല്ലെ.

ചിരകാലപരിചിതനായിരുന്ന ഒരു സ്നേഹിതൻ ഒരുത്തനെ കുറച്ചുദിവസം കഴിഞ്ഞു് യദൃച്ഛയാ ഒരു സ്ഥലത്തുവച്ചു കാണുമ്പോൾ ആ സ്നേഹിതനുണ്ടായിട്ടുള്ള മാററങ്ങളെപ്പററി സൂക്ഷിക്കുന്നതു പതിവല്ലെ? ഈ പരിശോധനയിൽ താഴ്ചയുണ്ടായാൽ ആ സ്നേഹിതനുണ്ടാകുന്ന വിചാരങ്ങൾ എന്തായിരിക്കും? സ്നേഹിതന്റെ അഭിപ്രായത്തിൽ താഴുന്നതു മാനഹാനിക്കു കാരണമായിത്തീരുന്നതല്ലെ? മററുള്ളവർ നമ്മെപ്പററി ഹാസ്യമായും നികൃഷ്ടമായും വിചാരിക്കുന്നതിന്നു നാംതന്നെ സൌകൎയ്യമുണ്ടാക്കിക്കൊടുക്കുന്നതു് അഭിമാനകരമാകുന്നൊ? ഈ ലോകത്തു നമുക്കു വലുതായ ഒരു സ്ഥാനമുണ്ടെന്നും ആ സ്ഥാനത്തെ നാം ബഹുമാനപുരസ്സരം അലങ്കരിക്കുന്നുണ്ടെന്നും കാണിക്കേണ്ടതു നമ്മുടെ കടമയാണു്.

ഏതെതു കാൎയ്യങ്ങളിൽ സത്യം, നീതി, ധൎമ്മം, ബഹുമാനം, പരിശുദ്ധത, സ്നേഹം ഇതുകൾ അടങ്ങിയിരിക്കുന്നുവോ അതുകളെപ്പററി ആലോചിക്കേണ്ടതാണെന്നു, സെൻറപാൾ, എന്ന ദിവ്യപുരുഷൻ അഭിപ്രായപ്പെട്ടിരിക്കുന്നു. ഇതുകളെപ്പററി വൃഥാ ആലോചനചെയ്താൽ മാത്രം മതിയാകുന്നതല്ല. മേൽ വിവരിച്ച ഓരോ ഗുണത്തെയും, മനസ്സിൽ സംഭരിച്ചുറപ്പിച്ചു നമ്മുടെ ജീവിതംകൊണ്ടു് അനുഭവബോദ്ധ്യം വരുത്തേണ്ടതാണു നമ്മുടെ കൎത്തവ്യം.

# ദീൎഘായുസ്സ്.

സകല പ്രാണികളും ജീവനെ സ്നേഹിക്കുന്നതുപോലെ മറെറാന്തിനെയാണ് സ്നേഹിക്കുന്നതു്? മരണശിക്ഷക്കു വിധിക്കപ്പെട്ടിട്ടുള്ള ഒരു ഘാതകൻപോലും തന്റെ ആയുസ്സിനെ ഒരു നിമിഷത്തേക്കുകൂടി ദീൎഘിപ്പിക്കുവാൻ മാൎഗ്ഗമെന്താണെന്നു ആലോചിക്കുന്നു. മഹാവ്യാധി പിടിപെട്ടു തീവ്രവേദന അനുഭവിക്കുന്ന ആതുരന്മാരും ലോകവാസം ത്യജിക്കുന്നതിന് ആഗ്രഹിക്കുന്നില്ല. പ്രാണനെക്കാൾ അമൂല്യമായിട്ടു യാതൊന്നുംതന്നെയില്ല. പ്രാണനേയും ആത്മാവിനേയും, തിരിച്ചറിവാൻ പാടില്ലാതെ ചിലർ വിഷമിക്കുന്നുണ്ടു്. ആത്മാവു ശരീരത്തിൽനിന്നും അതിരിക്തനും, നിത്യനുമാകുന്നു. അഖണ്ഡനീയമായ ലോകനിയമത്താൽ ഉണ്ടാകുന്ന ജനനമരണങ്ങളെപ്പററി കാതരഭാവം വെച്ചുകൊണ്ടിരിക്കുന്നതിൽ യാതൊരു പ്രയോജനവും ഇല്ല. മൃത്യുവിൽനിന്നും മോചനം പ്രാപിക്കുവാൻ യാതൊരു മാൎഗ്ഗവുമില്ല. അതുകൊണ്ടു മൃത്യുവിനെ ഭയപ്പെട്ടിട്ടു് ആവശ്യവുമില്ല. തപശ്ചൎയ്യാമുതലായ നിഷ്ഠകളെക്കൊണ്ടു ജീവന്മുക്തി വരുത്തിക്കൊള്ളാമെന്നു ആലോചിക്കുന്നവരുടെ ആഗ്രഹം സാധിക്കുന്നില്ല. അനിത്യമായ ദേഹത്തിനു നാശം സിദ്ധിക്കുന്നതു നിശ്ചയമാണ്. പരമകാരുണികനായ സൎവ്വശക്തൻ നമുക്കു നൽകിയിട്ടുള്ള അനുഗ്രഹവസ്തുക്കളിൽവെച്ചു, പ്രാധാന്യത്തിനു അൎഹമായിട്ടുള്ളതു് ജീവൻതന്നെയാണ്. ജീവനെ സകല പ്രാണികളും അത്യുൽക്കണ്ഠയോടുകൂടി സ്നേഹിക്കുന്നതിനെപ്പററി അതിശയിപ്പാനുണ്ടോ? ഈ ജീവനെ പരിശുദ്ധമായ വിധത്തിൽ ദീൎഘിപ്പിക്കുവാൻ ചെയ്യുന്ന ശ്രമത്തെക്കാൾ ഉൽകൃഷ്ടമായ ശ്രമം മറെറാന്നുംതന്നെയില്ല.

വാൎദ്ധക്യത്തെയും, ജരാനരയേയും എല്ലാവരും ഭയപ്പെടുന്നുണ്ടെങ്കിലും താരുണ്യത്തെയും, യൌവ്വനത്തേയും, പരിപാലിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെപ്പററി ആലോചിക്കുന്നില്ല. ദീൎഘായുസ്സ് സമ്പാദിക്കുന്നതിനുള്ള മാൎഗ്ഗങ്ങളെയും ആരോഗ്യരക്ഷക്ക് അത്യാവശ്യമായുള്ള നിയമങ്ങളേയും അവർ ഭഞ്ജിക്കുന്നു. ഈ നിയമങ്ങളെ, അതിക്രമിച്ചതിനുശേഷം അല്പായുഷ്മാന്മാരായിത്തീരുന്നതിനെപ്പററി അതിശയിക്കയും, വ്യസനിക്കയും ചെയ്യുന്നു. അമിതസുഖാനുഭോഗങ്ങൾക്കു, തക്കതായ ശിക്ഷകൾ ഉണ്ടാകുമെന്നു ആലോചിക്കുന്നില്ല. അനിയന്ത്രിതമായ ജീവിതം ദീൎഘജീവിതമായിരിക്കുവാൻ മാൎഗ്ഗമില്ല.

ധനസമ്പാദനത്തിനു ചെയ്യുന്നതായ ശ്രമത്തോളമെങ്കിലും ആയുൎവ്വൎദ്ധനക്കായി ശ്രമിക്കുവാൻ സാധ്യമാകുമെങ്കിൽ ദീൎഘജീവിതം സുപ്രാപ്തമായിരിക്കും. മനുഷ്യശരീരത്തെ ഒരു ഘടികാരത്തോട് ഉപമിക്കാം. ഈ ഘടികാരത്തിലെ യന്ത്രങ്ങളെ സൂക്ഷ്മമായി പരിപാലിച്ചാൽ ദീൎഘകാലത്തേക്കു കേടുകൾ ഒന്നും തട്ടുകയില്ല. അലക്ഷ്യമായ കൈകാൎയ്യകൎത്തൃത്വംകൊണ്ടു ഘടികാരത്തിനു ദൂഷ്യം പററുന്നതുപോലെ മനുഷ്യശരീരത്തിനും സംഭവിക്കുന്നു.

നാം അത്യധികമായും ചിലപ്പോൾ സാഹസികമായും, സ്നേഹിക്കുന്ന ജീവനെ തുച്ഛമായ വിലക്കു ക്രയം ചെയ്യുന്നതിനെപ്പററി വിചാരിക്കാത്തതു് അജ്ഞത ഒന്നുമാത്രം കൊണ്ടല്ലേ? വാൎദ്ധക്യത്തെപ്പററിയും, ത്രിദോഷങ്ങളെപ്പററിയും സദാ മനസ്സിനെ വ്യാപരിപ്പിച്ചുംകൊണ്ടിരുന്നാൽ ശരീരം ക്രമേണ ക്ഷയിച്ചുപോകും. നാം ഏതൊരു സംഗതിയെ ആദൎശമായി വെക്കുന്നുവോ ആ സംഗതി നമുക്കു എളുപ്പത്തിൽ സ്വാധീനപ്പെടുന്നു. നമ്മുടെ നിയാമകശക്തിയെ നി

നിയന്ത്രിക്കുന്നതിനും, ഭരിക്കുന്നതിനും കഴിയുമെങ്കിൽ ദീർഘായുസ്സു കരഗതമാകുമെന്നു പല യോഗീശ്വരന്മാരുടേയും ചരിത്രങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

മനസ്സിനെ ശരിയായ കേന്ദ്രത്തിൽ ഉറപ്പിക്കുമ്പോൾ നാം ഒരു നൂതനസൃഷ്ടി ആരംഭിക്കുന്നു. സൌന്ദര്യത്തിൽ സമർപ്പിക്കുന്നതായ മനസ്സു സൌന്ദര്യത്തെ നിശ്ചയമായി ദാനംചെയ്യും. അതുപോലെതന്നെ, വാൽക്യത്തെ കാംക്ഷിക്കുന്നതായ മനസ്സിന് ആ അവസ്ഥ സുലഭമായിത്തീരുന്നു.

ചിലർ എല്ലായ്പ്പോഴും അവരുടെ കായികശക്തി ക്ഷയത്തേയും, രോഗത്തേയും പററി പരിവർത്തനാലോചനകൾ നടത്തിക്കൊണ്ടിരിക്കുന്നു. "എനിക്കു സുഖമില്ല" വയസ്സു നാല്പതു കഴിഞ്ഞിരിക്കുന്നു. ത്രിദോഷങ്ങളും, മൂർച്ഛിച്ചിരിക്കുന്നു. എന്നിങ്ങനെ പറയുന്നവരെ നാം ധാരാളം കാണുന്നുണ്ട്. ഇവർ ദീർഘായുസ്സിന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനെക്കാൾ ഹീനമായ ദോഷത്വം ഒന്നുംതന്നെയില്ല. ഇതുപോലെതന്നെ അകാലമരണമുണ്ടായേക്കുമെന്നു ചിലർ ഭയപ്പെടുന്നു. ലോകവിശ്രുതനായിരുന്ന ബൈറൺ പ്രഭുവിന്റെ മരണം എങ്ങിനെ സംഭവിച്ചുവെന്നു നോക്കാം. ബാലനായിരിക്കുമ്പോൾതന്നെ മുപ്പത്തി ഏഴാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ ലോകജീവിതം അവസാനിക്കുമെന്നു ഒരു ജ്യോത്സ്യൻ അഭിപ്രായപ്പെട്ടിരുന്നു. ജ്യോത്സ്യന്റെ ദീർഘദർശിത്വത്തിൽ അദ്ദേഹത്തിനു അമിതമായ വിശ്വാസമുണ്ടായിരുന്നു. മുപ്പത്തി ഏഴാമത്തെ വയസ്സിൽ അദ്ദേഹം രോഗപീഡിതനായിത്തീർന്നു. സ്നേഹിതന്മാരുടെ ഉപദേശവും വൈദ്യന്മാരുടെ സശ്രദ്ധമായ ശുശ്രൂഷയുംകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായില്ല. അന്ധവിശ്വാസം ഇതുകളെല്ലാം ജയിച്ചു. ബൈറൺപ്രഭു മുപ്പത്തിഏഴാമത്തെ വയസ്സിൽതന്നെ ചരമഗതിയെ പ്രാപിച്ചു

സമസ്തസൃഷ്ടങ്ങളായ മനുഷ്യരെ ദ്രോഹിക്കുന്നതിനായി, ധനപ്രാണാപഹാരികളായ ജ്യോത്സ്യന്മാർ ലോകത്തു ധാരാളമുണ്ടെന്നു ഒരിക്കലും വിസ്മരിച്ചുകൂടാത്തതാകുന്നു. മനുഷ്യൻ ഇന്നവയസ്സിൽ മരിക്കണമെന്നു ഒരു നിർബ്ബന്ധമുള്ളതായി വിചാരിക്കുവാൻ മതിയായ കാരണങ്ങൾ കാണുന്നില്ല. കരുണാലയനായ ദൈവം അങ്ങിനെ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു തോന്നുന്നില്ല.

എഴുപത്തി അഞ്ചാമത്തെ വയസ്സിൽ താരുണ്യത്തിന്റെ പ്രൌഢത ഒരുവനിൽ കാണേണ്ടതാണെന്നു അതിപ്രസിദ്ധനായിരുന്ന ഒരു ഭിഷഗ്വരൻ അഭിപ്രായപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ്യത്തെ കാലദേശാവസ്ഥകളെപ്പററി ആലോചിക്കുമ്പോൾ എഴുപത്തിഅഞ്ചാമത്തെ വയസ്സു താരുണ്യദശയുടെ തള്ളലിനുള്ള സമയമാണെന്നു അനുമികാൻ പാടില്ലെങ്കിലും പുരുഷായുസ്സിന്റെ അർദ്ധമായി ഗണിക്കപ്പെട്ടിട്ടുള്ള അറുപതാമത്തെ വയസ്സിനെ വാർദ്ധക്യദശയുടെ പര്യാപ്തിയായി കണക്കാക്കുന്നതു് അതിക്രമമാണെന്നു പറയാതെ നിവൃത്തിയില്ല.

സർഹെർമാൻവെബ്ബർ എന്നു പ്രസിദ്ധനായ ഒരു ഇംഗ്ലീഷുവൈദ്യൻ ഇപ്രകാരം പറയുന്നു. "സാധാരണ ജനങ്ങൾ സ്വല്പം സൂക്ഷിക്കുമെങ്കിൽ നൂറുവയസ്സുവരെ ജീവിച്ചിരിക്കുന്നതിനു യാതൊരു പ്രയാസവും ഇല്ല."

ജീവിതത്തിൽ താല്പര്യമില്ലാതാകുമ്പോൾ വാർദ്ധക്യമാരംഭിക്കുന്നുവെന്നു വിചാരിക്കേണ്ടതാണു്. ശരീരരക്ഷയ്ക്കുള്ള നിയമങ്ങളെ ആദ്യംതന്നെ അറിഞ്ഞിരിക്കേണ്ടതുമാണു്. അമിതഭോഗം, അല്പായുസ്സിനു നിദാനമായിത്തീരുന്നു.

മിതമായ പരിശ്രമംകൂടാതെ സുഖമായി ജീവിക്കുവാൻ കഴിയുന്നതല്ല. നമ്മുടെ നദികളിലും തോടുകളിലുമുള്ള ചില

കടവുകളിൽ വള്ളങ്ങൾ കെട്ടിയിട്ടിരിക്കുന്നതു പലരും കണ്ടിട്ടുള്ളതാണല്ലോ. കായലുകളിലും, നദികളിലും സദാ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വള്ളങ്ങൾ വേഗത്തിൽ ജീൎണ്ണപ്പെടുന്നില്ല. കടവുകളിൽ കിടക്കുന്ന വള്ളങ്ങൾ ക്ഷണത്തിൽ ദ്രവിച്ചു നഷ്ടപ്പെട്ടുപോകുന്നു. ശരിയായ വ്യായാമം ഇല്ലെങ്കിൽ മനുഷ്യശരീരം ഇതുപോലെ ജീൎണ്ണപ്പെട്ടുപോകുന്നതാണ്. ഇലയും പുഷ്പങ്ങളുമില്ലാത്ത ചില വൃക്ഷങ്ങൾ ശുഷ്കിച്ചു നില്ക്കുന്നതു പലരും കണ്ടിരിക്കാം. ഇതുപോലെതന്നെ വാസ്തവത്തിൽ ജീൎണ്ണിച്ച ശരീരത്തോടുകൂടിയിട്ടുള്ള ചില മനുഷ്യർ ലോകസഞ്ചാരം ചെയ്യുന്നുണ്ട്. ഇവർ ജീവിച്ചിരിക്കുന്ന ശവങ്ങൾതന്നെയാണ്.

ഗൃഹജീവിതം, സുശാന്തമായിരിക്കേണ്ടതു ദീൎഘകാലജീവിതത്തിന് അത്യന്താപേക്ഷിതമാണ്. കലഹിനിയായ ഭാൎയ്യയും, സപത്നീദുഃഖവുമായ ഗൃഹത്തെ നരകമാക്കുവാൻ കഴിയുന്നതാണ്. നൂററിഅഞ്ചു സംവത്സരം സുഖശരീരനായി ജീവിച്ചിരുന്ന ഒരു ഇംഗ്ലീഷുകാരനായ വൈദികനോടു ദീൎഘജീവിതത്തിനുള്ള രഹസ്യമെന്താണെന്നു ഒരിക്കൽ ഒരാൾ ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു. "രാത്രിയിൽ ഒമ്പതുമണി കഴിഞ്ഞാൽ ഞാൻ അസുഖമായ യാതൊരു കാൎയ്യത്തെപ്പററിയും ആലോചിക്കാറില്ല."

നിദ്രാഭംഗംവരുത്തി രാത്രികാലങ്ങളിൽ അമിതഭോഗങ്ങളിൽ ആസക്തരായിരിക്കുന്നവൎക്കു ദീൎഘായുസ്സു സിദ്ധിക്കുന്നതല്ല. ഇവരുടെ രക്തം ക്രമേണ ദുഷിച്ചു വിഷമയമായിത്തീരുന്നു. ആദ്യം ശരീരത്തിനുണ്ടാകുന്ന അസ്വാസ്ഥ്യം ക്രമേണ മനസ്സിനെയും ബാധിക്കുന്നു. ഉറങ്ങുന്നതിനു മുമ്പിലും നാം ചില നിയമങ്ങളെ പ്രത്യേകമായി പരിശീലിക്കേണ്ടതായിട്ടുണ്ട്. ഉത്സാഹകരമായും അതിരുചിരമായും ഉള്ള

ആലോചനകളോടുകൂടി ശയ്യാഗൃഹത്തിൽ പ്രവേശിച്ചാൽ
നിദ്ര നിർബ്ബാധമായിരിക്കും. വിശ്രമത്തിനുള്ള ഈ സമയ
ത്തെ മനഃപീഡകൾകൊണ്ടു മലിനമാക്കരുതു്.

---

## ഈശ്വരപ്രഭാവം.

ലോകത്തുള്ള സകല ചരാചരങ്ങളും ഈശ്വരസാന്നി
ദ്ധ്യത്തെയും അപരിമിതമായ ദിവ്യശക്തിയേയും പ്രദർശിപ്പി
ക്കുന്നു. ആകാശം, ഭൂമി, വായു; ജലം, വെളിച്ചം ഇതുകളെ
ല്ലാം, ഈശ്വരമാഹാത്മ്യലക്ഷ്യങ്ങൾ തന്നെയാണു്. ഈശ്വ
രൻ, സർവ്വജ്ഞനും, സർവ്വശക്തനുമാകുന്നു. ആദിത്യചന്ദ്രന്മാ
രും സകല ഗ്രഹനക്ഷത്രങ്ങളും ഈശ്വരചൈതന്യത്തെ എ
ല്ലാനിമിഷത്തിലും പ്രഖ്യാപനം ചെയ്തുകൊണ്ടിരിക്കുന്നു. നാം
അധിവസിക്കുന്നതായ ഭൂമിയെത്തന്നെ നോക്കുക. അമൂല്യ
ങ്ങളായ എന്തെല്ലാം സാധനങ്ങൾ ഈ ഭൂമിയിൽത്തന്നെവി
ളയുന്നു. ഈശ്വരനെ കാണ്മാൻ കഴിയാത്തതുകൊണ്ടു ഈശ്വ
രനില്ലെന്നു വിചാരിക്കുന്നവരായി അപൂർവ്വം ചിലരുണ്ടു്.
ഇവർ കേവലം അന്ധന്മാരുതന്നെയാകുന്നു. ഈശ്വരൻ ന
മുക്കു് അത്യാവശ്യമായിട്ടുള്ള യാതൊരു ഗുണത്തേയും നമ്മിൽ
നിന്നും ഗോപനം ചെയ്തിട്ടില്ല. സകല ജീവജാലങ്ങളും ഈശ്വ
രമഹിമയെ അറിഞ്ഞു സ്തോത്രം ചെയ്തുകൊണ്ടിരിക്കുന്നു.

സാലോക്യപദവിയെ ഇച്ഛിച്ചു പല മഹാന്മാരും അ
തികഠിനമായ തപസ്സു ചെയ്യുന്നുണ്ടു്. എന്നാൽ ഈശ്വരനെ
പ്രത്യക്ഷമായി കാണണമെന്നുണ്ടെങ്കിൽ ഈ തപസ്സ് ആവ
ശ്യമില്ലാത്തതാകുന്നു. ഭക്തി, വിശ്വാസം ഈ രണ്ടു നിഷ്ഠ
കൾകൊണ്ടു നമുക്കും ഈശ്വരചൈതന്യത്തെ പ്രത്യക്ഷ

മായി കാണ്മാൻ കഴിയും. ഈ ഗുണങ്ങൾ ഉണ്ടെങ്കിൽ അവസ്ഥാനുസരണമായ അടയാളങ്ങൾ ഈശ്വരൻ പ്രദൎശിപ്പിക്കുന്നതാകുന്നു. ഈശ്വരൻ സത്യം, നീതി, സ്നേഹം ഈ മഹദ്ഗുണങ്ങളുടെ നിലയനമാണെന്നു സകല വേദശാസ്ത്രപുരാണങ്ങളും ഘോഷിക്കുന്നു.

ഈശ്വരസാമീപ്യത്തിന് ഇച്ഛിക്കുന്നവർ ഈ ഗുണങ്ങളില്ലാത്തവരാണെങ്കിൽ ഒരുവിധത്തിലും അടുക്കുന്നതിനു കഴിയുന്നതല്ലല്ലൊ.

ഭക്തന്മാരുടെ അഭീഷ്ടം നല്കുന്നതിനു പരമദയാലുവായ സൎവ്വേശ്വരൻ സദാ സന്നദ്ധനായിരിക്കുന്നു. പാരത്രികസുഖത്തെ കാംക്ഷിക്കുന്നവന് ഐഹികക്ഷേമം ഉണ്ടാകാതെ നിവൃത്തിയില്ല.

നമ്മുടെ ദുശ്ശീലങ്ങൾക്കും, മൎയ്യാദകേടിനും, നീതിലംഘനത്തിനും അനുസരണമായി നമുക്കു ശിക്ഷകൾ നല്കാത്തതുകൊണ്ടുതന്നെ ഈശ്വരന്റെ പരമകാരുണികതയും, ക്ഷമയും സ്പഷ്ടമാകുന്നുണ്ടല്ലൊ. ആപത്തിങ്കൽ മാത്രം ഈശ്വരസ്മരണചെയ്യുകയും, സൌഭാഗ്യത്തിങ്കൽ വിസ്മരിക്കയും ചെയ്യുന്നതിനെക്കാൾ വലുതായ കൃതഘ്നതയും അപരാധവും മറെറാന്നുംതന്നെയില്ല.

"ആപദിഭജന്തിനഭജന്തിസുഖഭേത്േഠ" എന്നു പറയുന്നതു് ഈവിധമുള്ള കൃതഘ്നന്മാരെപ്പററിയാണ്. ചിലപ്പോൾ വലുതായ വിപത്തുകളാൽ ആവൃതന്മാരായിത്തീരുമ്പോൾ ഈശ്വരസ്മരണ ഉണ്ടാകുന്നു. ഉടനടി തക്കതായ കാരുണ്യം ലഭിക്കാതെയിരുന്നാൽ ചിലൎക്കു വിശ്വാസം കുറയുന്നു. അതിനു മുമ്പു ചെയ്തിട്ടുള്ളതായ പാപകൎമ്മങ്ങളെപ്പററി അശേഷമോൎമ്മിക്കുന്നില്ല. ഈശ്വരൻ സൎവ്വസാക്ഷിയാണെന്നുള്ള ജ്ഞാനം അപ്പോൾ ഉദിക്കുന്നില്ല.

മഹാസമുദ്രത്തിൽ അകപ്പെട്ട കൊടുങ്കാററിന്റെ അതികഠിനമായ ക്ഷോഭത്തെ അനുഭവിക്കുന്ന കപ്പൽക്കാർ ചില വഴിപാടുകൾ കഴിച്ചേക്കാമെന്നു പ്രാർത്ഥിക്കാറുണ്ടു് കാററു ശമിക്കുമ്പോൾ ഇവരുടെ സ്മരണയും നശിക്കുന്നു. ഇതുപോലെ ആപത്തിങ്കൽ മാത്രം ഈശ്വരസ്മരണ ചെയ്കയും അതിൽനിന്നും മോചനം സിദ്ധിക്കുമ്പോൾ ഈശ്വരനെ മറക്കുകയും ചെയ്യുന്നതു സഹജമാകുന്നു.

ഒരു നാസ്തികൻ രാത്രികാലത്തു് ഈശ്വരനെ പാതി വിശ്വസിക്കുന്നു എന്നു് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ടു്. രാത്രിയുടെ ഭയാനകത്വത്തേയും, നിശ്ശബ്ദതയേയും പററി വിചാരിക്കുമ്പോൾ, ഏതു ധൈര്യവാന്റെ മനസ്സിനും ഒരു കലക്കമുണ്ടാകുന്നു.

“എന്നിൽ അർപ്പിക്കപ്പെട്ട ബുദ്ധിക്കു് അധീനന്മാരായി കർമ്മങ്ങളെ അനുഷ്ഠിക്കുന്നവർക്കു ചിത്തശുദ്ധികൊണ്ടുണ്ടാകുന്നതായ ജ്ഞാനം ലഭിക്കുന്നു എന്നും അവർ മുക്തിക്കു് അധികാരികളായ്ത്തീരുന്നു എന്നും” ഭഗവൽഗീത ഘോഷിക്കുന്നു. ഈശ്വരങ്കൽ വിശ്വാസവും, ശ്രദ്ധയും, ഭക്തിയും ഇല്ലാത്തവരുടെ ജീവിതം എന്നും ക്ലേശകരമായിത്തന്നെ ഇരിക്കുന്നതാണു്.

നാം ഈശ്വരനിൽ നിന്നും ഭിന്നിച്ചവരല്ലെന്നും ഈശ്വരാംശം നമ്മിലുണ്ടെന്നും ഉള്ള വിശ്വാസത്തോടുകൂടി സകലകർമ്മങ്ങളും അനുഷ്ഠിക്കേണ്ടതാകുന്നു. “ഞാനും സൃഷ്ടികർത്താവായ എന്റെ പിതാവും ഒന്നുതന്നെയാണെ”ന്നുള്ള വിശ്വാസം സദാ ഉണ്ടായിരിക്കണം എന്നു പ്രസിദ്ധനായ ഒരു ഇംഗ്ലീഷ് ഗ്രന്ഥകാരൻ അഭിപ്രായപ്പെട്ടിരിക്കുന്നു.

നാം തെററുചെയ്യുമ്പോളെല്ലാം ഈശ്വരങ്കൽനിന്നും

അകലുന്നു. നിരാശ്രയന്മാരായ് ഇരുട്ടത്തു കിടന്നു വലയുന്ന ശിശുക്കളെപ്പോലെ നാം അപ്പോൾ കഴയുന്നു.

നമുക്കു വേണ്ടതായ സകല ശ്രേയസ്സും വരുത്തുന്നതിനുള്ള ശക്തി ദൈവം നമ്മിൽത്തന്നെ സമപ്പിച്ചിരിക്കുന്നു. ഒരു വൃക്ഷത്തിന്റെ ഒരുഫലത്തിൽനിന്നും എത്ര വൃക്ഷങ്ങൾ വേറെ ഉണ്ടാകുന്നതിനുള്ള ശക്തി ഈശ്വരൻ നല്കിയിട്ടുണ്ടെന്നു നോക്കണം.

അയസ്കാന്തം നിങ്ങളിൽ പലരും കണ്ടിരിക്കുമല്ലോ. വളരെ ശക്തികൂടിയതായ ഒരു അയസ്കാന്തഖണ്ഡം അതിൽനിന്നും എട്ടിരട്ടി ഭാരമുള്ള വെറും ഇരുമ്പിനെ പൊക്കുന്നതിനു ശക്തിയുള്ളതാണ്. അതുപോലെ തന്നെ ഈശ്വരവിശ്വാസമാകുന്ന അയസ്കാന്തംകൊണ്ട് എത്ര വലുതായ ഭാരത്തെയും പൊക്കുവാൻ കഴിയുന്നതാണ്. പരിശുദ്ധമായ മനസ്സു പാവനമായ വിചാരം ഈരണ്ടിനും അനുസരണമായ് പ്രവൃത്തി ഇതുകളാകുന്നു മോക്ഷത്തിനുള്ള മാർഗ്ഗങ്ങൾ എന്നു അറിയേണ്ടതാകുന്നു. ചുരുക്കത്തിൽ നാം സത്യത്തെ ആശ്രയിക്കയും വ്യാജത്തെ നിന്ദ്യമായി ഗണിച്ചു വജ്ജിക്കയും ചെയ്യേണ്ടതാകുന്നു.

---

## അന്ധവിശ്വാസവും, അനാചാരവും.

അന്ധവിശ്വാസങ്ങളും, അനാചാരപദ്ധതികളും ഇല്ലാത്ത സമുദായങ്ങൾ ലോകത്തു് ഇല്ലെന്നുതന്നെ പറയാം. പരിഷ്കൃതസമുദായങ്ങൾപോലും അന്ധവിശ്വാസങ്ങളിലും, അനാചാരങ്ങളിലും, ഒരുവിധമായ പ്രതിപത്തിയും, ബഹുമാനവും പ്രദശിപ്പിച്ചുംകൊണ്ടിരിക്കുന്ന സ്ഥിതിക്കു് ഈ വിശ്വാ

സത്തിന്ന ബലമായ അടിസ്ഥാനമോ, കാരണമോ കാരണ ങ്ങ ളാണ്.

മനുഷ്യബുദ്ധിക്ക് ഒരു സീമ അല്ലെങ്കിൽ പരിധി ഉള്ള താകുന്നു. ഇതിനെ അതിക്രമിക്കുവാൻ മനുഷ്യന്ന സാധിക്കു ന്നതല്ല. ഒന്നാമതായി ഭൂലോകജാതം സിദ്ധിച്ച മനുഷ്യന്റെ സ്ഥിതിയെപ്പററി ആലോചിക്കാം.

ശൈശവാവസ്ഥയിൽ ഈ മനുഷ്യന്റെ സ്ഥിതി എ ന്തു തന്നെയായിരുന്നാലും യൌവ്വനാവസ്ഥയിൽ ആ സ്ഥിതി ക്കു വലുതായ ഭേദം സംഭവിക്കുന്നതാണല്ലോ. യഥാൎത്ഥമാ യ ലോകപരിചയം ആരംഭിക്കുന്നതും പിന്നീടു ക്രമേണ ദ്ര ഢീകരിക്കുന്നതും ഈ ദശയിൽ തന്നെയാണ്. അപ്പോൾ മുതൽ അയാൾ പരിസരാവസ്ഥകളെ പരിശോധിച്ചുതുടങ്ങു ന്നു. ചുററും കാണുന്നത് എന്തെല്ലാമാണ്? വായു, അഗ്നി, ജലം, ഭൂമി, ആകാശം, സൂൎയ്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇതു കളെല്ലാം അയാൾക്കു പ്രത്യക്ഷപ്പെടുന്നു. ഭൂമിയിലുള്ള വി വിധസാധനങ്ങളെ അയാൾ കാണുന്നു. ഈ ഓരോ സാധ നവും, അയാളെ, ആശ്ചൎയ്യഭരിതനാക്കുന്നു. ഇവയിൽ മഹ ത്തായ ചില ശക്തികളുണ്ടെന്ന് അയാൾ അറിയുന്നു. ഓ രോന്നിനേയും, ഓരോ ദിവ്യശക്തിയായി ഗണിച്ച് അതിന്ന ദേവത്വം അല്ലെങ്കിൽ ദൈവീകത്വം നൽകുന്നു.

വായു, അഗ്നി മുതലായ ഭൂതങ്ങൾ ഈശ്വരന്മാരായി ത്തീൎന്നതു ഈവിധത്തിലാണ്. ഇടി, മിന്നൽ മുതലായവ യെ ഭരിക്കുന്നതിന്നും പ്രത്യേകം ഈശ്വരന്മാരുണ്ടെന്ന് ഈ ആദ്യമനുഷ്യന്റെ ഹൃദയത്തിൽ തോന്നുന്നു. ഇന്ദ്രൻ, അഗ്നി, യമൻ, വരുണൻ മുതലായ ദേവന്മാർ ഈവിധത്തിൽ ഉത്ഭ വിച്ചവരാണ്

പരിഷ്കാരത്തിൽ ഒരു കാലത്തു പ്രാധാന്യം വഹിച്ചിരുന്നവരായ ഗ്രീക്കുകാരും, റോമാക്കാരും, ഈ അന്ധപരമ്പരവിശ്വാസത്തെ പരിപാലിച്ചുവന്നു. ആൎയ്യന്മാർ ഭാരതഭൂമിയിൽ ആദ്യമായി പ്രവേശിച്ചകാലത്തു് അവരുടെ ഇടയിലും ഈ വിശ്വാസത്തിനു പ്രാബല്യം ഉണ്ടായിരുന്നു. ഈ വിശ്വാസം ആൎയ്യന്മാരുടെസന്തതികൾക്കും അവരോട് ഇടകലൎന്നിട്ടുള്ള മററു സമുദായക്കാൎക്കും ഇപ്പോഴും ഏറെക്കുറെ ഉള്ളതാകുന്നു.

പരിഷ്കൃതാവസ്ഥയിൽ പരമകാഷ്ഠ പ്രാപിച്ചിട്ടുണ്ടെന്നു് അഭിമാനിക്കുന്ന യൂറോപ്യൻ രാജ്യക്കാരുടെ പൂൎവ്വികന്മാരും അന്ധവിശ്വാസികൾ തന്നെ ആയിരുന്നു. ഈ അന്ധവിശ്വാസം മനുഷ്യരുടെ ഇടയിൽ പ്രചാരത്തിൽ വന്നപ്പോൾ അവരുടെ സംഘത്തിൽതന്നെ പ്രത്യേക ദിവ്യത്വം ഉള്ളവരാണെന്നു നടിച്ച ഒരുകൂട്ടം ആളുകളുണ്ടായി. ഇവരാണു് ആദ്യത്തെ മതാചാൎയ്യന്മാർ. ഇവർ ജനങ്ങളുടെ ആന്ധ്യത്തെ സ്വാൎത്ഥതല്പരതയെ മുൻനിൎത്തിക്കൊണ്ടു വൎദ്ധിപ്പിച്ചുതുടങ്ങി. ഈ ആചാൎയ്യന്മാരുടെ ദുരാചാരങ്ങളും ദുഷ്ടതകളും വൎദ്ധിച്ചുതുടങ്ങിയപ്പോൾ, ജനസമുദായം ഇളകി അവരെ നിശ്ശേഷം നശിപ്പിക്കുന്നതിനും ചില പ്രയത്നങ്ങൾ ചെയ്യാതെ ഇരുന്നിട്ടില്ല.

ഭിന്നമതക്കാർ ലോകത്തുണ്ടായിട്ടുള്ളതുതന്നെ ഈ വിധമുള്ള, ഇളക്കങ്ങൾകൊണ്ടാണു്. ക്രിസ്തുമതത്തിൽതന്നെ വിഭിന്നങ്ങളായ അനേകം വകുപ്പുകളുണ്ടെന്നു് അറിയാമല്ലൊ. ഇതുപോലെതന്നെ ഹിന്തുമതത്തിലും ഉള്ളതാകുന്നു. ബുദ്ധമതം വാസ്തവത്തിങ്കൽ ഹിന്തുമതത്തിന്റെ ഒരു വകഭേദവും സന്തതിയുമാകുന്നു. ജെയിൻമതവും ഏറെക്കുറെ ഇതുപോലെതന്നെ ഉത്ഭവിച്ചിട്ടുള്ളതാണു്. മിക്ക അന്ധവി

ശ്വാസങ്ങൾക്കും കാരണഭൂതന്മാർ ഈ ആചാര്യന്മാർതന്നെയാണ്.

ഹോമങ്ങൾ, ബലികൾ മുതലായ കർമ്മങ്ങൾ ആദ്യം കഴിച്ചുകൊണ്ടിരുന്നപ്പോൾ, നിഷ്ഠുരതരങ്ങളായകൃത്യങ്ങളൊന്നും അതുകളോടു സംഘടിപ്പിക്കപ്പെട്ടിരുന്നില്ല. നെയ്യ്, പാൽ, തേൻ, മധു മുതലായ പേയസാധനങ്ങളെ ആദ്യം ഹോമദ്രവ്യങ്ങളായി ഉപയോഗിച്ചുവന്നു. അച്ചനേയ്ക്ക് അതുപോലെ പുഷ്പങ്ങളെയും, ചിലപ്രത്യേക സസ്യങ്ങളേയും ഉപയോഗപ്പെടുത്തിവന്നിരുന്നു. ഈ ഹോമദ്രവ്യങ്ങളെ ക്രമേണ ഭേദപ്പെടുത്തി, മാംസം ഹോമത്തിൽ യജിക്കുന്നത്, ഒരു പുണ്യകർമ്മമാണെന്നു വിശ്വസിച്ചുതുടങ്ങി. അജമേധം, അശ്വമേധം മുതലായ യാഗങ്ങൾ ഇങ്ങിനെ ആരംഭിച്ചു. അനവധി ജീവജാലങ്ങളെ ഈ വിധത്തിൽ ഹിംസിക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്തുതുടങ്ങി. അതിക്രൂരമായ ഈ വിധമുള്ള ഹിംസകണ്ടു പരിപീഡിതനായിത്തീന്നപ്പോളാണു സിദ്ധാർത്ഥഗൌതമൻ പ്രത്യേകമായി ഒരു മതസ്ഥാപനം ചെയ്യണമെന്ന് ആലോചിച്ചത്. ഈ ആലോചനയുടെ സന്താനമാണ് ഇപ്പോഴുള്ളതായ ബുദ്ധമതം.

ഇൻഡ്യയിൽ ഒരു കാലത്തു പ്രാബല്യത്തിലിരുന്ന ഉടന്തടിചാട്ടവും അന്ധവിശ്വാസത്തിൻെറ ഫലംതന്നെയാകുന്നു. മരിച്ചുപോയ ഭർത്താവിൻെറ ജഡത്തോടുകൂടി, ജീവനോടുകൂടിയിരിക്കുന്ന ഭാര്യയെക്കൂടി ഭസ്മമാക്കണമെന്നുള്ള ക്രൂരതരമായ ഏർപ്പാടിനേക്കാൾ ബീഭത്സമായിട്ടുള്ള ഏർപ്പാടു മറെറന്താണ്? ഭാര്യയുടെ മുമുക്ഷുത്വത്തിന് ഈ ഏർപ്പാടു മതിയാകുമെങ്കിൽ,ഭാര്യമരിക്കുമ്പോൾ ഭർത്താവിൻെറ മോചനത്തിനായി ഇതു വേണ്ടെന്നു വയ്ക്കുവാനുണ്ടായ കാരണം എന്തായിരിക്കാം? സ്ത്രീ അബലയും, പുരുഷൻ ബലവാനുമായിരിക്കു

ന്നതുകൊണ്ടു മാത്രമായിരിക്കാം. ഇതിനേക്കാൾ വലുതായ സ്വാൎത്ഥതല്പരത മറെറന്താണ്? ഈ പൈശാചികപ്രവൃത്തിക്ക് "സതീധൎമ്മം" എന്ന പേരു കൊടുത്തിരിക്കുന്നത ല്ലെ, വലുതായ അത്ഭുതം! ഹീനവും, രാക്ഷസീയവുമായ ഈ ആചാരത്തെ ഉന്മൂലനംചെയ്തതു് ഇൻഡ്യയിലെ ഗവർണർ ജനറൽആയിരുന്ന വില്യം ബെൻറിക്ക് എന്ന പ്രഭുവാണ്.

ഹിന്ദുക്കളിൽ ചിലർ ആചരിച്ചുവന്നതായ, മറെറാരാസുരകൃത്യം, ഇതുപോലെതന്നെ നിന്ദ്യമായിട്ടുള്ളതാണ്. ആദ്യമായുണ്ടാകുന്ന സന്താനത്തെ അന്ധവിശ്വാസം നിമിത്തം ചിലർ ഗംഗാനദിയിൽ ബലികഴിച്ചുകൊണ്ടിരുന്നു. ദേവപ്രീതിക്കായി നരബലികളും നടപ്പിൽ വരുത്തിയിരുന്നു. ഈ ബലികളുടെ അവശിഷ്ടങ്ങൾ ഇപ്പോഴും പല സ്ഥലങ്ങളിൽ കാണുന്നുണ്ടു്. നരബലിയുടെ സ്ഥാനത്തു് ഇപ്പോൾ മൃഗബലിയും ഖഗബലിയും നടക്കുന്നു.

നിരപരാധികളും മൂകന്മാരുമായ ഈ സഹോദരങ്ങളെ ഹിംസിക്കുന്നതിനേക്കാൾ ക്രൂരതരമായ പ്രവൃത്തി മറെറന്താണ്? മനസ്സാക്ഷിയും വിവേചനാശക്തിയും ഉള്ള മനുഷ്യൻ ഒരു മൃഗത്തിനേക്കാൾ താഴുന്നതു കഷ്ടമല്ലെ!

അമേരിക്കാ ആഫ്രിക്കാമുതലായ രാജ്യങ്ങളിലുള്ള വനാന്തരങ്ങളിൽ അധിവസിക്കുന്നവരായ കാട്ടുജാതിക്കാരുടെ ഇടയിലുള്ള അന്ധവിശ്വാസം പരിഷ്കൃതരാജ്യക്കാരുടെ ഇടയിൽ കൂടി ഉണ്ടെന്നു കേൾക്കുമ്പോൾ ആരാണ് അതിശയിക്കാത്തതു്. വൎഷക്കുറവുണ്ടാകുമ്പോൾ ഈ ജാതിക്കാർ തവളകളെപ്പിടിച്ചു മാലയായി കോൎത്തു് അതുകളെ കഠിനമായി ദണ്ഡിക്കുന്നു. തവളകൾ കരഞ്ഞാൽ മഴപെയ്യുമെന്നാണ് ഈ കാട്ടുജാതികൾക്കു വിശ്വാസമുള്ളതു്. വൎഷത്തെ കാംക്ഷിച്ചു വരുണജപം നടത്തുന്നതും അന്ധവിശ്വാ

സത്തിന്റെ ഒരു വകഭേദം തന്നെയാണ്. അന്ധവിശ്വാസത്തിന്റെ അടിസ്ഥാനം ഭയം തന്നെയാണ്.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും തമ്മിൽ വലുതായ ബന്ധുത്വമുണ്ട്. ഓരോ സമുദായത്തിനും പ്രത്യേക അനാചാരങ്ങളുള്ളതാകുന്നു. ചില സാധനങ്ങൾക്ക് രൂപഭേദങ്ങളുണ്ടാകുമ്പോൾ അവയുടെ ആദ്യശുദ്ധിക്കു കുറവു തട്ടുന്നുവെന്നു ചിലർ വിചാരിക്കുന്നു. ഹീനജാതിക്കാരനായി ഗണിക്കപ്പെട്ടിരിക്കുന്ന ഒരുവന്റെ കയ്യിൽ നിന്നും വാങ്ങിക്കുന്ന ധാന്യത്തിനു യാതൊരശുദ്ധിയുമില്ല. ഈ ധാന്യത്തെ അഗ്നിയും ജലവും കൊണ്ടു പാകപ്പെടുത്തി എടുക്കുമ്പോൾ അതിന് അശുദ്ധിയുണ്ടാകുന്നുവത്രെ. അരിക്കു ശുദ്ധിയും, ചോററിന് അശുദ്ധിയും ഉണ്ടെന്നാണ് വച്ചിരിക്കുന്നത്. തോൽകൊണ്ടുണ്ടാക്കിയിട്ടുള്ള ചെരുപ്പ്, ക്ഷേത്രവളപ്പിനകത്തു കടത്തിക്കൂടെന്നു നിർബ്ബന്ധമുണ്ടെങ്കിലും തോലുകൊണ്ട് പൊതിഞ്ഞിട്ടുള്ള ചെണ്ട, തിമില മുതലായ വാദ്യസാധനങ്ങളെ ശ്രീകോവിലിന്റെ സോപാനംവരെക്കൊണ്ടു പോകുന്നതിൽ ആക്ഷേപമില്ലാത്തതാകുന്നു. അതുപോലെ തന്നെ ബ്രഹ്മചാരിയായിരിക്കുമ്പോൾ തോൽപൂണൂൽ ധരിക്കുന്നതിലും ആക്ഷേപമില്ലെന്നാണ്, വെച്ചിട്ടുള്ളതു്. എണ്ണ മുതലായ ചില ദ്രാവകദ്രവ്യങ്ങൾക്കു, അശുദ്ധിയില്ലെന്നു സങ്കല്പിച്ചിട്ടുണ്ടെങ്കിലും ആശൌചമുണ്ടാകുമ്പോൾ അവയ്ക്കു് അശുദ്ധിനേരിടുന്നു. ഈ അശുദ്ധിപരിഹാരത്തിന്, ആ ദ്രാവകങ്ങളെ ഒരു ക്രിസ്ത്യനെക്കൊണ്ടു് തൊടുവിച്ചാൽ മതിയാകുമത്രെ! ജലത്തിനു സാധാരണ അശുദ്ധിയൊന്നും വച്ചിട്ടില്ല. സമുദ്രം, കായൽ, നദി, തോട്ട് മുതലായ ജലാശയങ്ങളിലെ ജലത്തിനു ആരുടെ സ്പർശവും ദോഷം ഉണ്ടാക്കുന്നില്ല. എന്നാൽ കുളങ്ങളിലേയും കിണറുകളിലേയും വെള്ളം

എല്ലാപേരും സ്വാതന്ത്ര്യമായി തൊട്ടുകൂടെന്നു് നിബ്ബന്ധവുമുണ്ടു്. ഈ അനാചാരങ്ങൾ അധികമായിട്ടുള്ളതു് കേരളഭൂമിയിലാകുന്നു.

ഇവിടെ തീണ്ടൽ എന്നു്, ഒരനാചാരത്തിനു പ്രത്യേകപ്രാധാന്യം ഉള്ളതാകുന്നു. ചില പ്രത്യേകജാതിക്കാർ ചില സ്ഥലങ്ങളിലെങ്ങും പ്രവേശിച്ചുകൂടെന്നും, അവരിൽ നിന്നും ഉയന്ന ജാതിക്കാരായി ഗണിക്കപ്പെട്ടവരുമായി സമ്പക്കം പാടില്ലെന്നും ഒരു നിബന്ധനയുള്ളതാകുന്നു. ഇതുനിമിത്തം പല സമുദായങ്ങൾ തമ്മിൽ മത്സരിക്കുന്നതിനും കലഹിക്കുന്നതിനും, കാരണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ഈ അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ഇപ്പോൾ കുറഞ്ഞുവരികയാണു്. പരിഷ്കൃതരീതിയിൽ ഉള്ള വിദ്യാഭ്യാസം അഭിവൃദ്ധമാകുന്നതിനോടുകൂടി ഈ ദോഷങ്ങളെല്ലാം അശേഷം നശിച്ചുപോകുമെന്നുതന്നെ വിശ്വസിക്കാം.

---

## മിതഭോഗം.

മിതഭോഗം, ആത്മാഭിമാനത്തേയും, ആത്മസംയമനത്തേയും, ആശ്രയിച്ചിരിക്കും. മനുഷ്യനു തല്ക്കാലസുഖത്തെ കൊടുക്കുവാനായി പല വിഷയസുഖസാധനങ്ങൾ ലോകത്തുള്ളതാകുന്നു ഈ സാധനങ്ങളെ മിതമായി ഉപയോഗിക്കുന്നതിൽ മനുഷ്യൻ ബുദ്ധി പ്രയോഗിക്കാതെയിരുന്നാൽ അതു് അവന്റെ നാശത്തിനു കാരണമായിത്തീരുന്നു.

അന്നപാനങ്ങൾ സുഖജീവിതത്തിന്നു് ആവശ്യമാണു്. അവയെ ആവശ്യത്തിലധികമുപയോഗിച്ചാൽ, രോഗോല്പാദനയ്ക്കു കാരണമായിത്തീരുന്നു. മിതഭക്ഷണംകൊണ്ടു ദീഘാ

യുസ്സു സമ്പാദിക്കുവാൻ കഴിയുന്നതാണു്. ഭക്ഷണസാധന ങ്ങളുടെ രുചിയെ മാത്രം ആലോചിച്ചു്, അവയെ അധിക മായി ഉപയോഗിച്ചാൽ രോഗങ്ങൾക്കു വശംവദനായിത്തീ രും. പഞ്ചസാര വളരെ രുചികരമായ പദാൎത്ഥമാണു്. ഇതിനെ അമിതമായി ഉപയോഗിച്ചാൽ പല ദോഷങ്ങളും ഉണ്ടാകുന്നുണ്ടു്. അതിഭുക്തികൊണ്ടും, രോഗങ്ങൾ ഉണ്ടാകു കയും, വൎദ്ധിക്കുകയും ചെയ്യുന്നു. വയറിനെ നാം സൂക്ഷിച്ചി ല്ലെങ്കിൽ വയറു നമ്മെ സൂക്ഷിക്കയില്ല.

അമിതഭോഗികൾ മിക്കവാറും മദ്യപാനത്തിൽ ആസ ക്തരായിത്തീരുന്നു. അതിഭക്ഷകൻ, മദ്യപാനംകൊണ്ടു് ആ ട്ട്യം രുചിയെ വൎദ്ധിപ്പിക്കാമെന്നു വിചാരിക്കുന്നു. എന്നാൽ മദ്യപാനം ഏകകാലത്തുതന്നെ അവന്റെ മനസ്സിനെയും, ശരീരത്തെയും നശിപ്പിക്കുന്നതു് അവനറിയുന്നില്ല മദ്യപ നെ എല്ലാവരും നിന്ദിക്കയും, അപഹസിക്കയും ചെയ്യുന്നു. അവൻ ബാധരഹിതനായി നടക്കുന്നതുകൊണ്ടു കേവലം ഭ്രാന്തർ തന്നെ.

ഉന്മാദശക്തിയുള്ള മദ്യങ്ങളെ നിയമേന പാനം ചെ യ്യുന്നവൻ, വിഷസാധനം ഭക്ഷിക്കയാണെന്നു അറിയുന്നില്ല.

അമിതപ്രവൃത്തികൾ ഒന്നുംതന്നെ മാന്യമായിട്ടുള്ളത ല്ല മദ്യത്തെപ്പോലെതന്നെയുള്ള ഒരു വിഷസാധനമാകുന്നു പുകയില. ഈ വിഷസാധനത്തെ പലവിധത്തിൽ മനുഷ്യർ ഉപയോഗിക്കുന്നുണ്ടു്. ചിലർ പുകയിലയെ ചുരുട്ടാക്കി ഉ പയോഗിക്കുന്നു. മററു ചിലർ അതിനെ പൊടിയാക്കി കൈ കാൎയ്യം ചെയ്യുന്നു. വേറെ ചിലർ അതിനെ വായിലിട്ടു ചവ യ്ക്കുന്നു. മദ്യത്തിലുള്ളതുപോലെതന്നെ പുകയിലയിലും വിഷ മുള്ളതാകുന്നു. പുകയില ഉപയോഗിക്കുന്നവർ, ദഹനപാത്ര ത്തിനു ദോഷമുണ്ടാക്കുന്നു. ഇവരുടെ ശ്വാസത്തിൽപോലും

വിഷബീജങ്ങൾ ഉള്ളതാകുന്നു. മദ്യമൊ, പുകയിലയൊ ഉപയോഗിക്കുമ്പോൾ തല്ക്കാലം ഒരുന്മേഷമുണ്ടാകുന്നുണ്ടെങ്കിലും, അതിനെ തുടൎന്നുണ്ടാകുന്ന ബലഹീനതയും ക്ഷീണവും കൂടുതൽ ആയിത്തന്നെ ഇരിക്കും. ഈ വിഷസാധനങ്ങൾ ഉപയോഗിക്കുന്നവർ വളരെ കഷ്ടതകൾ അനുഭവിക്കുന്നുമുണ്ട്. മദ്യപാനികളുടെ ശിരസ്സിൽ എപ്പോഴും ഒരു ഘനവും, ഉഷ്ണവും, വേദനയും ഉണ്ടായിരിക്കും. അവരുടെ കണ്ണുകളിൽ നിന്നും, എപ്പോഴും ചൂടു പുറപ്പെടുന്നുണ്ടെന്നു അവൎക്കു തന്നെ തോന്നാതെയിരിക്കയില്ല. അവരുടെ നാവുകൾ വരണ്ടു പോകുന്നു. നാഡികളെല്ലാം വിറയ്ക്കുന്നു. അവരുടെ മുഖവും ദേഹവും വിളറുന്നു. അവർ ബോധമില്ലാത്തവരായിത്തീരുന്നു. അവർ മനുഷ്യകൎത്തവ്യങ്ങളെ അറിഞ്ഞു പ്രവൃത്തിക്കുന്നതിനു ശക്തന്മാരാകാതെ തീരുന്നു. നിൎദ്ദോഷമായി ആഢ്യം സമ്പാദിക്കുന്നതായ ദുശ്ശീലത്തെ അകററുന്നതിന് അവർ ശക്തന്മാരാകാതെ ഭവിക്കുന്നു. ബന്ധുജനങ്ങൾ എല്ലാം അവരെ തിരസ്കരിക്കുന്നു. സജ്ജനങ്ങൾ അവരുടെ സംസൎഗ്ഗത്തെ ഉപേക്ഷിക്കുന്നു.

പ്രകൃതിവിരുദ്ധമായ പ്രവൃത്തി പരിശീലിക്കുന്നതുകൊണ്ടുള്ള ഫലം ഇതുതന്നെയാണു്. "സമസ്തദുൎഗ്ഗുണങ്ങളിലും വച്ചു മദ്യപാനം ഏററവും നിന്ദ്യമായിട്ടുള്ളതാണെ"ന്നു് ഒരു മഹാൻ അഭിപ്രായപ്പെടുന്നു.

അമിതഭോഗങ്ങളിൽ വെച്ചു് ഏററവും ഹീനമായിട്ടുള്ളതു മദ്യപാനം തന്നെ. ധനസംവൎദ്ധനകൊണ്ടു് ഉന്മാദശീലന്മാരായിത്തീരുന്നവർ പലവിധമായ അമിതഭോഗങ്ങളിൽ ഉത്സുകന്മാരായിത്തീരുന്നു. ചൂതുകളിയിലുള്ള ആസക്തിയും ഇതുപോലെയുള്ള ഒരു അമിതഭോഗേച്ഛ തന്നെയാകുന്നു. ചില ധനികന്മാർ ചൂതുകളികൊണ്ടു വളരെ ക്ഷണത്തിൽ

നശിച്ചിട്ടുണ്ടു്. ദേഹത്തേക്കൂടി പണയമാക്കി ചൂതുകളിച്ച നളമഹാരാജാവിന്റെയും, യുധിഷ്ഠിരന്റെയും കഥകൾ നിങ്ങൾ വായിച്ചിരിക്കുമല്ലൊ. ഭാരതഭൂമിയിൽ ചൂതുകളി, ഒരു കാലത്തു നിന്ദ്യമായി ഗണിക്കപ്പെട്ടിരുന്നില്ല.

ഇനി വേറെ ഒരുതരം വിഷയഭ്രാന്തു ചിലക്കുള്ളതായി കാണുന്നുണ്ടു്. നാടകം, പ്രഹസനം, മുതലായ കഥകളിൽ ചിലക്കു പ്രത്യേക ഉത്സാഹം ഉണ്ടാകുന്നുണ്ടു്. ഇവർ ധനത്തെയും, ദേഹത്തെയും, ചിലപ്പോൾ മാനത്തെയും നശിപ്പിക്കുന്നു. ചിലർ ആഡംബരവർദ്ധനയ്ക്കായി വസ്ത്രാഭരണാദ്യലങ്കാരങ്ങളിൽ അധികം ഭ്രമമുള്ളവരായിത്തീരുന്നു. ഇതും വലുതായ ഒരു അമിതഭോഗം തന്നെയാണു്.

പ്രകൃതിനിയമങ്ങളെ നിരോധിച്ചു നടക്കുന്നതു മിതമായ ജീവിതത്തിന്റെ ഒരു ലക്ഷണമല്ല. പാനാശനാഗ്രഹങ്ങളെ നിയന്ത്രിക്കുന്നതുപോലെതന്നെ നമ്മുടെ സകല ആഗ്രഹങ്ങളെയും നാം തന്നെ ഭരിക്കേണ്ടതാകുന്നു.

---

## മനസ്സമാധാനം.

സ്വർഗ്ഗത്തെ നരകമാക്കുന്നതിനും നരകത്തെ സ്വർഗ്ഗമാക്കുന്നതിനും മനസ്സിനു ശക്തിയുണ്ടെന്നു് ഒരു മഹാൻ അഭിപ്രായപ്പെട്ടിട്ടുള്ളതു ശരിയാണു്. ഹെൻട്രി ഇർവിംഗ് എന്നു പ്രസിദ്ധനായ ഒരു നടൻ ഒരു കാലത്തുണ്ടായിരുന്നു. ഇദ്ദേഹത്തിന്റെ മരണത്തെപ്പറ്റി ഒരു ഇതിഹാസം ഉള്ളതാകുന്നു. ഏതെങ്കിലും ഒരു പാത്രത്തിന്റെ വേഷം സ്വീകരിച്ചു് അഭിനയിക്കുന്നതിനായി രംഗപ്രവേശനം ചെയ്തിട്ടുള്ളപ്പോൾ

എല്ലാം ആ പാത്രം താൻതന്നെ ആണെന്നുള്ള തന്മയത്വം വരുത്തി അഭിനയം ഭംഗിയാക്കണമെന്ന് ഇദ്ദേഹത്തിനു വലുതായ നിർബ്ബന്ധം ഉണ്ടായിരുന്നു. ഓരോപാത്രത്തിനും ഉള്ള അവസ്ഥാഭേദങ്ങളെ തൻെറ അനുഭവത്തിൽ വരുത്തി കാണികളായ സദസ്യരെ ആകർഷിച്ചു വിസ്മയിപ്പിക്കുന്നതിന് ഇദ്ദേഹത്തിനു തുല്യമായി ഇതരനടന്മാർ ഉണ്ടായിട്ടില്ലെന്നുള്ളതു ലോകപ്രസിദ്ധമായ സംഗതിയാണ്. ഒരിക്കൽ ഒരു പാത്രത്തിൻെറ മരണം രംഗത്തിൽ പ്രദർശിപ്പിക്കേണ്ടതായി വന്നു. ഇർവിംഗിൻെറ അർദ്ധനിമീലനം ചെയ്യപ്പെട്ടിരുന്ന നേത്രങ്ങളിലെ കൺമിഴികൾ ഊർദ്ധ്വഗതിക്കാരംഭിച്ചു. വക്ത്രം മുഴുവൻ രക്തശൂന്യമായി കറുത്തിരുണ്ടു. അവയവങ്ങൾ എല്ലാം സ്തംഭിച്ചുതുടങ്ങി. മുൻപൊരിക്കൽ ഇതുപോലെ ഒരു അഭിനയം നടത്തിയപ്പോൾ ഒരിക്കൽകൂടി ആവർത്തിക്കുന്നതായാൽ അതുതന്നെ മരണത്തിനു കാരണമായി തീരുമെന്നു വൈദ്യൻ അഭിപ്രായപ്പെട്ടിരുന്നതിനെ അദ്ദേഹം അശേഷം ഗണ്യമാക്കിയിരുന്നില്ല. ഇതുനിമിത്തം മുൻവിവരിച്ചതായ അഭിനയം നടത്തി ഇരുപത്തിനാല് മണിക്കൂറ് കഴിയുന്നതിനു മുമ്പിൽ ഹെൻറിഇർവിംഗ് ഇഹലോകവാസം ത്യജിക്കേണ്ടതായിവന്നു. ഇതു് ഒരു കഥയോ പ്രബന്ധമോ അല്ല. യഥാർത്ഥമായി നടന്ന ഒരു സംഗതിയാണ്. മനസ്സിൻെറ ശക്തിയെ ഈ കഥ ഉദാഹരിക്കുന്നു.

നടന്മാരും സംഗീതകുശലന്മാരും അവരുടെ വിദ്യാപ്രകടനത്തിൽ പ്രവേശിച്ചിരിക്കുമ്പോൾ ചെയ്യുന്നതായ അതിസാഹസത്തെപ്പററി അശേഷം ഓർമ്മിക്കുന്നില്ല. പിന്നീടു പശ്ചാത്താപപ്പെടുന്നതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകുന്നുമില്ല.

മനസ്സമാധാനം എന്നു പറയുന്നതു് കേവലം ഒരു മാനസികവികാരമാകുന്നു. മനസ്സിന്നു് എന്തെങ്കിലും കാരണവശാൽ ക്ഷോഭവും അസ്വാസ്ഥ്യവും ഉണ്ടാകയും അവയുടെ ശമനം സംഭവിക്കുകയും ചെയ്യുമ്പോൾ സമാധാനം ഉണ്ടാകുന്നു. ഈ സമാധാനത്തിനു ശാന്തത, സ്വാസ്ഥ്യം, ശാന്തി എന്നിങ്ങനെ പലപേരുകളും നല്കാം.

ശത്രുത്വം, വൈരാഗ്യം, ക്രോധം, നിർബന്ധം, അസൂയ, മദം, മാത്സര്യം, ഡംഭ്, അഹങ്കാരം മുതലായ ദുർഗ്ഗുണങ്ങൾ ക്ഷോഭത്തെ വർദ്ധിപ്പിക്കുന്നു. മനസ്സിൽ അങ്കുരിക്കുന്നതായ ഈവക ഓരോ വികാരത്തേയും പോഷിപ്പിച്ചു് ഉജ്വലിപ്പിക്കുന്നതിനു ബാഹ്യമായ വല്ല നിസ്സാരസംഭവവും കാരണവും മതിയാകുന്നതാണു്.

ഒരു ഗൃഹത്തിന്റെ അന്തർഭാഗത്തു് എവിടെയെങ്കിലും വായുസഞ്ചാരം അധികമില്ലാത്തസ്ഥലത്തു് അഗ്നിബാധ ഉണ്ടാകുന്നതായി വിചാരിക്കണം. ആദ്യം നാം തീജ്വാലയേയോ പുകയേയോ വ്യക്തമായി പുറത്തുകാണുന്നില്ല. വായു പ്രവേശിക്കത്തക്കവണ്ണം ഏതെങ്കിലും ഒരു വാതായനത്തെ തുറന്നുകൊടുക്കുന്നതായാൽ വായുസമ്പർക്കംകൊണ്ടു് പുകയും തീജ്വാലയും വർദ്ധിക്കുകയും പെട്ടെന്നു് അവ അക്ഷിഗോചരമായി തീരുകയും ചെയ്യുന്നു. മനസ്സിൽ സംഭരിച്ചുവെയ്ക്കുന്ന ക്രോധാദിദോഷങ്ങൾ നിസ്സാരങ്ങളായ കാരണങ്ങളാൽ ഇതുപോലെ പ്രത്യക്ഷീഭവിക്കാറുണ്ടു്.

ഒരു ക്രോധവാക്കു് പലപ്പോഴും മഹാഭയങ്കരമായ ദൌഷ്ട്യത്തിന്നു് കാരണമായിത്തീരുന്നുണ്ടു്. കലഹശീലന്മാർക്കു് കലഹത്തിന്നു് പ്രത്യേകകാരണം കൂടിയേതീരുവെന്നില്ല. തുച്ഛങ്ങളായ കാര്യങ്ങൾ മുൻകോപികളുടെ മനസ്സിൽ ക്രോധ

ത്തെ ജനിപ്പിക്കുന്നു. ക്രോധം ഒരുവക ഭ്രാന്തുതന്നെയാണ്. ക്രോധബാധിതൻ തന്റെ പ്രവൃത്തികൾനിമിത്തം ഉണ്ടാകാവുന്നഗുണദോഷങ്ങളെപ്പററി വിചാരിക്കയും ക്രോധത്തെ നിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുകയും ചെയ്യുന്നില്ല. ക്രോധത്തിനു വശംവദനാകുമ്പോൾ തന്നെ ആന്ധ്യം ഉണ്ടാകുന്നു. അന്ധൻ ശരിയായ മാർഗ്ഗങ്ങൾ ഇന്നവയാണെന്നു കാണാതെ വലയുന്നതിനെപ്പററി അതിശയിപ്പാനുണ്ടോ ?

അസൂയ ക്രോധത്തേക്കാൾ പൈശാചികമായ ഒരു മനോവൃത്തിയാകുന്നു. ചിലക്ക് പെട്ടെന്നുണ്ടാകുന്ന ഐശ്വര്യവും ധനവൎദ്ധനയും മററു ചിലരുടെ അസൂയക്കും മനസ്സിന്റെ അസ്വാസ്ഥ്യത്തിനും കാരണമായിത്തീരുന്നുണ്ട്. ഈ വിചാരത്തിനു ദാസ്യപ്പെടുമ്പോൾ അഗ്നിബാധസമയത്ത് വായു അഗ്നിയെ സഹായിക്കുന്നതുപോലെ മററുള്ള ദുഷ്ടവിചാരങ്ങൾ സാഹചര്യത്തിനായി വന്നുചേരുന്നു. പിന്നീട് ധനികനെ നിൎദ്ധനനാക്കുന്നതിനുള്ള പ്രയത്നം ആരംഭിക്കുന്നു. ഒരു പ്രതീകാരപ്രതിജ്ഞയോടുകൂടി ധനികന്റെ ഐശ്വര്യത്തെ നിശ്ശേഷം നശിപ്പിക്കുന്നതിനുള്ള പ്രയത്നങ്ങളിൽ പ്രവേശിക്കുന്നു. ഇതു നിൎദ്ദയമായി പെരുമാറുന്നതിനു പ്രേരിപ്പിക്കുന്നതായ ശക്തി അസൂയ ഒന്നുമാത്രമാണ്.

മനസ്സമാധാനം വേണമെന്നിച്ഛിക്കുന്നവർ മനസ്സിനെ നിയന്ത്രണം ചെയ്യുന്നതിനു പരിശീലിക്കേണ്ടതാണ്. മര്യാദയായ ഒരു വാക്കുകൊണ്ട് കോപത്തെ അശേഷം നശിപ്പിക്കുവാൻ കഴിയുന്നതാണ്. സമുദ്രത്തിൽ കൊടുങ്കാററുണ്ടാകുമ്പോൾ കപ്പൽക്കാർ തിരകളുടെ ശക്തിയെ കുറയ്ക്കുന്നതിനായിട്ട് എണ്ണ ഒഴിക്കാറുണ്ടല്ലോ. അതുപോലെ ക്രോധാവേഗത്തോടുകൂടി വരുന്ന ശത്രുവിനെ ജയിക്കുന്നതിനു മര്യാദയേ

ക്കാൾ വലുതായ തന്ത്രം മററൊന്നുമില്ലാത്തതാകുന്നു. കോപിഷ്ഠനെ ശമിപ്പിക്കുന്നതിനു മൎയ്യാദയും മൌനവും മൂലമന്ത്രങ്ങളാകുന്നു.

സഹിഷ്ണുത ഒരു വലുതായ ശക്തിയാണ്. അപരാധത്തിനെ മറക്കാതെയും ക്ഷമിക്കാതെയും ഇരിക്കുന്നതായാൽ അതു കയ്യിൽ തറച്ചിട്ടുള്ളതായ ഒരു കണ്ടകത്തേപ്പോലെ നിത്യോപദ്രവം ചെയ്യുന്നതാണ്.

മനസ്സമാധാനത്തിനെ ഉല്പാദിപ്പിക്കുന്നതിനും പോഷിപ്പിക്കുന്നതിനും പല മാൎഗ്ഗങ്ങൾ ഉള്ളതാകുന്നു. മനസ്സമാധാനമുള്ളവൎക്ക് അസാധ്യങ്ങളായ കാൎയ്യങ്ങൾ എളുപ്പത്തിൽ സാധ്യങ്ങളായിതീരുന്നു. അവർ ഭാവിയെപ്പററി ഒരിക്കലും വളരെ ഭയപ്പെടുന്നില്ല, ജനറൽഗ്രാൻറ് എന്ന് പ്രസിദ്ധനായ ഒരു സേനാനായകനുണ്ടായിരുന്നു. ഇദ്ദേഹം വാതം പിടിപെട്ട് രോഗശയ്യയിൽ കിടക്കുമ്പോൾ വളരെക്കാലത്തെ പ്രയത്നം കൊണ്ട് പിടിച്ചടക്കുവാൻ സാധിച്ചിട്ടില്ലാത്തതായ ഒരു കോട്ട കീഴടങ്ങിയതായി കേട്ടു. അദ്ദേഹത്തിനു പെട്ടന്നുണ്ടായ സന്തോഷത്തോടുകൂടി രോഗശയ്യയിൽ നിന്നും ബദ്ധപ്പെട്ട് എഴുനേററു. വാതരോഗം തീരെ ശമിച്ചു. പിന്നീടു ഒരു കാലത്തും അദ്ദേഹം ഈ രോഗബാധയെ സഹിക്കുന്നതിന് ഇടയായില്ല. വ്യാകുലതയും, മനോവിചാരവും കൂടാതെ ആയുഷ്കാലം നയിക്കുന്നതിന് അസാദ്ധ്യമാണ്. ദുരാഗ്രഹികളും ഉൽക്കണ്ഠേച്ഛുക്കളും, ബുദ്ധിശൂന്യന്മാരും പലപ്പോഴും ദുസ്സഹങ്ങളായ മനോവേദനകൾ അനുഭവിക്കുന്നുണ്ട്. ഇതു സ്വയംഭരണശക്തി ഇല്ലാതെ വരുന്നതു നിമിത്തമാകുന്നു. തങ്ങൾക്ക് ഏതുവിധത്തിലും കാൎയ്യസിദ്ധിയും, യശസ്സും വരുത്തണമെന്നു ആലോചിക്കുന്നവർ വ്യാകുലചിത്തന്മാരായി തീരുന്നതിനെപ്പററി അതിശയിപ്പാനില്ല.

തങ്ങളുടെ കൎത്തവ്യം ഇന്നതാണെന്നറിഞ്ഞു, ന്യായമായ വിവേകത്തോടും, ശുഷ്കാന്തിയോടും, പ്രവൎത്തിക്കാതിരുന്നാൽ ബുദ്ധിക്കു ക്രമേണ ക്ഷീണവും ഉൽകൎഷക്കുറവും ഉണ്ടാകുന്നതാകുന്നു.

അസ്വാതന്ത്ര്യതല്പരത മനസ്സമാധാനത്തിന്നു അത്യാവശ്യമായ ഒരു ഗുണമാകുന്നു. മററുള്ളവരുടെ കഷ്ടതകളെ ശമനം വരുത്തുമ്പോൾ മനസ്സംതൃപ്തി ഉണ്ടാകാതെ നിവൃത്തിയില്ല. ദരിദ്രന്മാരെ സഹായിക്കുമ്പോൾ മനസ്സിന്നു വലുതായസുഖം ഉണ്ടാകാതിരിക്കയില്ല. എന്നാൽ ദരിദ്രന്മാർ തന്നെ അവരുടെ മനോവിചാരംകൊണ്ടു ദാരിദ്ര്യസ്ഥിതിയെ വൎദ്ധിപ്പിച്ചു മനസ്സമാധാനത്തെ നശിപ്പിക്കാറുണ്ടു്.

പ്രകൃതിനിയമങ്ങളേയും രാജശാസനകളേയും, ബഹുമാനിക്കാതിരുന്നാൽ അതു മനഃപീഡക്കു കാരണമായിത്തീരും. ഋതുക്കൾ അവയുടെ ജോലിയെ ചെയ്യുന്നു. നാം അവയോടു മത്സരിക്കുന്നതിനോ എതൃക്കുന്നതിനോ ചെല്ലുന്നതായാൽ പരാജിതന്മാരാകാതെ നിവൃത്തിയില്ല കാലദേശാവസ്ഥകൾ അറിയാതെ പ്രവൎത്തിക്കുന്നതു ഭോഷത്വമാകും. പ്രാപഞ്ചികന്യായങ്ങളേയും നീതികളേയും നാം അനുസരിക്കേണ്ടതാകുന്നു

രാജശാസനങ്ങളെ ഉല്ലംഘിക്കുന്നതായാൽ തക്കതായ ശിക്ഷകൾ ഉണ്ടാകാറുള്ളതുപോലെ പ്രകൃതിനിബന്ധനകളെ അതിലംഘിക്കുമ്പോഴും ശിക്ഷകൾ ഉണ്ടാകാറുണ്ടു്. ആജ്ഞാനുസാരികളല്ലാത്തവൎക്കു ശിക്ഷയുണ്ടാകുമെന്നുള്ള വിവരം വിസ്മരിച്ചുകൂടാത്തതാകുന്നു.

ബുദ്ധിമുട്ടുകളും പരാജയങ്ങളുംകൂടാതെ ലോകത്തു ജീ

വിക്കുന്നതിന്നു പ്രയാസമാണ്. ഇവരെ ജയിക്കുന്നതിന്നു മനസ്സമാധാനം അത്യാവശ്യമാകുന്നു.

കഠിനമായ നിഷ്ഠകൊണ്ടും തപസ്സുകൊണ്ടും ചിലർ ശാന്തശീലത്തേയും ശാന്തിയേയും അഭ്യസിക്കാറുണ്ട്. ശാന്തശീലം സ്വാധീനപ്പെടുത്തിയവൎക്കല്ലാതെ ശാന്തി ഉണ്ടാകുന്നതല്ല. ശാന്തി എന്നു പറഞ്ഞതു സൎവസംഗനിവൃത്തിയാകുന്നു.

---

## പരിശുദ്ധജീവിതം.

പരിശുദ്ധജീവിതത്തിന്റെ അസ്ഥിവാരം പാവനവിചാരം ആകുന്നു. പാവനവിചാരത്തിന്റെ ബാഹ്യചിഹ്നം നിൎമ്മലഭാഷണംതന്നെ. ഭാഷണം വാഗ്രൂപമായി ബഹിഷ്കരിക്കപ്പെടുന്ന മനോവികാരം ആകകൊണ്ട് ഓരോ വചനവും ശ്രുതിമധുരമായും ശുദ്ധമായും ഇരിക്കേണ്ടതാണ്. അശുദ്ധവചനം ഗൎഹണീയമായും മലിനമായും ഉള്ള അന്തഃകരണവൃത്തിയുടെയും സാഹചൎയ്യത്തിന്റെയും അങ്കുരം ആകുന്നു.

ദരിദ്രനായിരുന്നാലും കുലീനനായിരിക്കുന്നതിന്നു പ്രയാസമില്ല. ദുൎഭാഷണം നിഷ്കുലീനതയുടെ സന്താനംതന്നെ. മലിനന്മാരായിരിക്കുന്നവൎക്കു സന്മാൎഗ്ഗവിചാരം ഉണ്ടാകുന്നതല്ല. അശുചിത്വം അവരിൽനിന്നും ഒരിക്കലും വിട്ടുപോകുന്നതുമല്ല. അശുചിത്വമായ സാഹചൎയ്യത്താൽ ആത്മാഭിമാനത്തെ ക്ഷയിപ്പിച്ചു ക്രോധം, ഗൎവ്വം മുതലായ ദോഷങ്ങൾക്കു പലരും വശംവദന്മാരായിത്തീൎന്ന് അസത്യജീവിതത്തിൽതന്നെ നയിക്കുന്നു. ജുഗുപ്സാവഹമായ ഈ ജീവിതം

പല ദുൎവ്വാശികളെയും ഉല്പാദിപ്പിക്കുന്നു. ചിലപ്പോൾ ഇവരുടെ അന്തൎഗ്ഗതങ്ങൾ ശപഥങ്ങളായും പ്രതിജ്ഞകളായും ശാപങ്ങളായും പുറപ്പെടുന്നു. ഏതുകാൎയ്യം പറയുന്നതിലും ഒരു ശപഥം കൂടിയെകഴിയൂ എന്നു് ഇവർ വിചാരിക്കുന്നു. "എന്നാണ, നിന്നാണ, കണ്ണാണ, പൊന്നാണ, വിളക്കാണ, അമ്മയാണ, അച്ഛനാണ, ഗുരുവിനാണ, ഭൂമിയാണ" എന്നുള്ള ശപഥവാക്യങ്ങൾ കൂടാതെ ഇവൎക്കു് ഒന്നുംതന്നെ പറയുവാൻ കഴിയുന്നതല്ല. ഈ വിധത്തിലുള്ള ജീവിതം എത്ര നികൃഷ്ടമായിട്ടുള്ളതാണു്. എത്ര വിദ്യാൎത്ഥികൾ ഈ വിധത്തിൽ അവരുടെ രക്ഷാകൎത്താക്കന്മാരുടേയും അദ്ധ്യാപകന്മാരുടേയും അറിവോടുകൂടി വളൎന്നുവരുന്നുണ്ടെന്നു് ആലോചിക്കുന്നതുതന്നെ സങ്കടമാണു്. ഈ ദുശ്ശീലം ഉന്മൂലനം ചെയ്യുന്നതിന്നു് രക്ഷകന്മാർ ഷാത്ത്രമായി പ്രയത്നിക്കുന്നതിനെക്കാൾ വലുതായ സുകൃതം മറെറാന്നുംതന്നെയില്ല.

ഇതുപോലെതന്നെ അപഭാഷണം അല്ലെങ്കിൽ ഖലോക്തി എന്നു് ഒരു ദോഷം വേറെയുണ്ടു്. ദുഷ്ടമായ സാഹചൎയ്യത്താൽ ഈ ദോഷങ്ങൾ പല വിദ്യാൎത്ഥികളെയും ബാധിക്കുന്നുണ്ടു്. "ജമായിക്കുക" "ഢീലാക്കുക" "അടിച്ചുകളക" "കറക്കിവിടുക" മുതലായ വാക്കുകൾ അപഭാഷണത്തിന്റെ ദൃഷ്ടാന്തങ്ങളാകുന്നു.

സംഭാഷണശുദ്ധികൊണ്ടു് മനസ്സിന്റെ നൈൎമ്മല്യത്തെ പ്രത്യക്ഷപ്പെടുത്താൻ കഴിയുന്നതാണു്. നാം എല്ലായ്പോഴും സംഭാഷണം ചെയ്തുകൊണ്ടുതന്നെ ഇരിക്കുന്നു. ദുഷ്ടഗ്രന്ഥങ്ങളെ ഖലന്മാരായ ശത്രുക്കളെപ്പോലെ ത്യജിക്കേണ്ടതാകുന്നു. ഗ്രന്ഥങ്ങളിൽ നിന്നും നമ്മുടെ ഭാഷയ്ക്കും വിചാരങ്ങൾക്കും വലുതായ മാററങ്ങൾ ഉണ്ടാകുമെന്നുള്ള ആത്മ

ബോധം എല്ലായ്പോഴും ഉണ്ടായിരിക്കേണ്ടതാണു്. ദുർവ്വിഷബീജങ്ങൾ അടങ്ങീട്ടുള്ള ചില ഗ്രന്ഥങ്ങൾ ഒരിക്കലും കൈകാര്യം ചെയ്യരുതെന്നു അദ്ധ്യാപകന്മാർ ഉപദേശിക്കുന്നതു ഇതുകൊണ്ടുതന്നെയാണു്. ഈ ഉപദേശം കേൾക്കുമ്പോൾ ആരുടേയും അറിവുകൂടാതെ ഈ ഗ്രന്ഥങ്ങളിൽ ഒന്നു് എത്തിനോക്കിയാൽ കൊള്ളാമെന്നു ചില വിദ്യാർത്ഥികൾ വിചാരിക്കുന്നുണ്ടു്. ഈ വിചാരം അവരുടെ ഭാവിയെ മലിനപ്പെടുത്തുന്നു. ശ്രേഷ്ഠതരങ്ങളായ ഊഹങ്ങൾ അടങ്ങീട്ടുള്ള ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കുന്നതിനു സമയവും ശ്രമവും വേണ്ടതാകുന്നു. അദ്ധ്വാനംകൂടാതെ കഴിക്കാമെങ്കിൽ അതുതന്നെ സുഖത്തിനു കാരണമാണെന്നു വിചാരിക്കുന്നവൎക്കു് അനൎത്ഥമുണ്ടാകുന്നതിനെപ്പററി അതിശയിക്കാനില്ല.

സെപ്റ്റ്മാർഡൻ എന്നു് പ്രസിദ്ധപ്പെട്ട ഗ്രന്ഥകാരകൻ "പരിശുദ്ധവിചാരത്തിൻെറ വിശിഷ്ടത" എന്ന നാമധേയത്തിൽ എഴുതിട്ടുള്ള ഗ്രന്ഥത്തിൽ ഒരു മഹിളാരത്നത്തിൻെറ കഥ പറഞ്ഞിട്ടുള്ളതു സന്ദൎഭോചിതമാകയാൽ ഇവിടെ ഉദ്ധരിക്കുന്നു. "ഞാൻ ഒരിക്കൽ വളരെ കഷ്ടാവസ്ഥയിൽ അശരണയായ ഒരു സ്ത്രീയെ കണ്ടു. ഇവൾ അനുഭവിക്കുന്നതായ ദുരിതങ്ങളും പീഡകളും എനിക്കു് ഹൃദയഭഞ്ജകമായിതോന്നി. ഏതു ദുഷ്ടൻേറയും മനസ്സിനെ അവളുടെ അതികഠിനമായ ദുഃഖാവസ്ഥ ആകൎഷിക്കുമായിരുന്നു. എന്നാൽ അവൾക്കു ലവലേശം കുലുക്കമോ വിഭ്രാന്തിയോ ഉണ്ടായിരുന്നില്ല. അവൾ ഈ ദുഃഖങ്ങളെ എല്ലാം അടക്കി ബുദ്ധിയെ സംസ്കരിച്ചു പരിശുദ്ധജീവിതത്തിൽ വിശ്വസിച്ചു ഉൽഗതിയുണ്ടാകുമെന്നുള്ള ധൈൎയ്യത്തോടുകൂടി മുന്നോട്ടുമുന്നോട്ടു കടന്നുകൊണ്ടുതന്നെ ഇരുന്നു. അവളുടെ നേത്രങ്ങളിൽ പ്രത്യ

ക്ഷപ്പെട്ടിരുന്നതേജസ്സ് ദൈവീകമായിട്ടുള്ളതാണെന്നുതന്നെ എനിക്കു തോന്നി. സത്യം, സ്ഥൈര്യം, ഭൂതദയ, കൃത്യനിഷ്ഠ മുതലായ ഉൽകൃഷ്ടഗുണങ്ങൾ ക്ഷീണിച്ചതായ അവളുടെ മുഖത്തു നൃത്തംചെയ്തുകൊണ്ടിരുന്നു. ക്ഷുൽപിപാസാദികളും അതികഠിനമായ ബന്ധനവും അവളുടെ ആത്മവിശ്വാസങ്ങളെ ഒരിക്കലും നശിപ്പിക്കയില്ലെന്നുതന്നെ എനിക്കു തോന്നി. ഇവളിൽ ദൈവീകമായ ഒരു തേജസ്സ് സർവത്ര വ്യാപിച്ചിരുന്നു.''

ഇതുപോലെ തന്നെ പരിശുദ്ധജീവിതംകൊണ്ടു ലോകോപകാരപ്രദങ്ങളായ നന്മകൾചെയ്തിട്ടുള്ള അനേകമഹാന്മാരുടേയും മഹതികളുടേയും ജീവചരിത്രത്തെപ്പററി പറവാനുണ്ട്. ഈ മഹാപുരുഷന്മാരിൽവെച്ച് ഏററവും പ്രധാനമായ ഒരു സ്ഥാനത്തിനു ജാൺ ഹൊവേർഡ് എന്ന ഇംഗ്ലീഷുകാരൻ അർഹനാണ്. മനുഷ്യസ്നേഹിയായ ഇംഗ്ലീഷുകാരൻ എന്നു ഇദ്ദേഹം ജീവിച്ചിരുന്നപ്പോൾതന്നെ ഖ്യാതിസമ്പാദിച്ചിരുന്നു. ഒരിക്കൽ ഇദ്ദേഹം കപ്പൽയാത്ര ചെയ്തുകൊണ്ടിരിക്കുമ്പോൾ ബന്ധനസ്ഥനായി. ഫ്രഞ്ചുകാർ ഇദ്ദേഹത്തിനെ പിടിച്ചു നാല്പത്തിഎട്ടു മണിക്കൂർ നേരത്തേക്കു യാതൊരു ഭക്ഷണസാധനവും വെള്ളവും കൊടുക്കാതെ ഒരു ഇരുട്ടറയിൽ ഇട്ടിരുന്നു. ആ കാരാഗൃഹത്തിൽതന്നെ കിടന്നിരുന്നതായ മററു പല തടവുകാരുടെ കഷ്ടതകളും അദ്ദേഹം കാണുന്നതിനിടയായി. ഒരു കഷണം ഇറച്ചിക്കായി പല തടവുകാരുംകൂടി വിശപ്പുകൊണ്ടു വലഞ്ഞിട്ടുള്ള പട്ടികളെപ്പോലെ യുദ്ധം ചെയ്യുന്നതും ലഹളകൂട്ടുന്നതും കണ്ടപ്പോൾ ഈ മഹാശയന്റെ കണ്ണുകളിൽനിന്നും ബാഷ്പധാരയുണ്ടായി. കാരാഗൃഹത്തിൽനിന്നും ഇറങ്ങിയപ്പോൾ സമസൃഷ്ടങ്ങളായ തടവുകാരുടെ കഷ്ടതകളെപ്പററി അദ്ദേഹം

ആലോചിക്കയും നിവൃത്തിയുള്ളിടത്തോളം പരിഹാരം ഉണ്ടാക്കുന്നതിനു ശ്രമിക്കയുംചെയ്തു. ഇതിലേക്കായി ഇംഗ്ലൻഡ്, സ്കോട്ട്ലൻഡ്, അയർലൻഡ്,ഫ്രാൻസ്,ബെൽജീയം, ഹാലൻഡ്, സ്വിററ്സർലൻഡ്, ഇററലി, പോർട്ടുഗൽ, റഷ്യാ,എന്നിങ്ങനെയുള്ള യൂറോപ്പ്യൻ രാജ്യങ്ങളിൽ അദ്ദേഹം സഞ്ചരിച്ചു. ഈ രാജ്യങ്ങളിലുള്ള രാജ്യാധികാരികളോട് അദ്ദേഹം ചെയ്തതായ പ്രാൎത്ഥന ഫലിക്കാതെയിരുന്നില്ല. ജയിലുകളുടെ സ്ഥിതി ഭേദപ്പെട്ടുകയും തടവുകാൎക്കു കൂടുതൽ സുഖം സിദ്ധിക്കയും ചെയ്തു. ആസന്നമരണനായിരുന്നപ്പോൾ അദ്ദേഹം ചെയ്തതായ പ്രാൎത്ഥന അദ്ദേഹത്തിൻെറ മഹാമനസ്കതയുടേയും വിസ്തൃതഹൃദയത്തിൻെറയും സ്മാരകമായും പതാകയായും എന്നും പ്രശോഭിക്കുന്നതാണ്. "ഞാൻ മരിച്ചാൽ എന്നെ നിലത്തുതന്നെ കുഴിച്ചുമൂടണം; എനിക്ക് ഒരു ശവകുടീരമോ ആഡംബരങ്ങളൊന്നുംതന്നെ ആവശ്യമില്ല. എൻെറ ശവക്കുഴിക്കുമേൽ ഒരു നിഴൽക്കാട്ടിമാത്രം.സ്ഥാപിച്ചാൽ മതിയാകും. എന്നെ ആരുംതന്നെ സ്മരിക്കണമെന്ന് എനിക്കു ആഗ്രഹമില്ല.". ഈ മഹാനുഭാവനെ വിസ്മരിക്കത്തക്ക കൃതഘ്നത മനുഷ്യൎക്ക് ഉണ്ടാകുന്നതാണോ? ഇദ്ദേഹത്തിൻെറ പരിശുദ്ധജീവിതം പരിപക്വജീവിതംതന്നെ ആയിരുന്നു. അസ്വാൎത്ഥതൽപരമായ ജീവിതത്തെക്കാൾ പവിത്രമായ ജീവിതം മേററതാണ്?

"ഹൃദയാന്തൎഭാഗത്തിങ്കൽ ദുഷ്ടവിചാരങ്ങളെ സംഗ്രഹിച്ചിരിക്കുന്ന ഖലൻ മദ്ധ്യാഹ്നസമയത്ത് അതിപ്രകാശത്തോടുകൂടി പ്രകാശിക്കുന്ന സൂൎയ്യാതപത്തിങ്കൽ നടക്കുന്നുഎങ്കിലും അവൻ ഇരുട്ടറയിൽത്തന്നെ അധിവാസംചെയ്യുന്നു എന്നു വിചാരിക്കേണ്ടതാണ്" എന്നു ഒരു കവിമുഖ്യൻ അഭിപ്രായപ്പെട്ടുന്നതിൻെറ ഔചിത്ര്യം ആലോചിക്കണം.

"അന്യായകൎമ്മം വാചാമനസാ ചെയ്യാതെക-
ണ്ടഃന്യഷാംഫിതത്തിങ്കലീൎഷ്യയുമുണ്ടാകാതെ
ആൎയ്യകൎമ്മണാരഞ്ജിച്ചരിയസല്ക്കൎമ്മണാ
ധീരനായിരിപ്പവൻ പണ്ഡിതഃശ്രേഷ്ഠനല്ലൊ!"

---

## ഭാഗ്യവും വിജയവും.

ഭാഗ്യം സംപൂൎണ്ണതയെയും ആദ്ധ്യാത്മികമായ സമ്പത്തിനെയും പററിയുള്ള ഒരു അന്തർജ്ഞാനമാണ്. സൎവ്വവ്യാപ്തമായിരിക്കുന്ന ഈശ്വരചൈതന്യത്തിങ്കൽ മനസ്സു സംയോജിക്കുമ്പോൾ ഭാഗ്യമുണ്ടാകുന്നു. പക്ഷെ, സായൂജ്യം എന്നു പറയുന്ന അവസ്ഥ ഇതുതന്നെ ആയിരിക്കാം. സ്വാഭാവികങ്ങളായുള്ള പ്രകൃതിന്യായങ്ങളെ അറിഞ്ഞു് അവയെ അതിക്രമിക്കാതെ പരോപകാരപ്രദങ്ങളായ കാൎയ്യങ്ങളിൽ ഹാൎദ്ദമായി പ്രവേശിക്കുന്നവൻ ഭാഗ്യവാൻ തന്നെ. സകല ചരാചരങ്ങൾക്കും സുഖത്തേയും ഐശ്വൎയ്യത്തേയും ജനിപ്പിക്കണമെന്നുള്ള കാംക്ഷയോടുകൂടി ആത്മാഭിമാനത്തേയും, മനഃസാക്ഷിയേയും, മനഃസമാധാനത്തേയും, ആശ്രയിച്ചു പ്രവൎത്തിക്കുന്നവനും ഭാഗ്യവാൻ എന്നുള്ള പേരിന് അൎഹൻ തന്നെ. പരാജയങ്ങളെപ്പററി പരിതപിക്കയും, വിഘ്നങ്ങളെ ഭയപ്പെട്ടു പിൻവലിക്കയും ചെയ്യുന്നവൻ നിൎഭാഗ്യവാനാണ്. ലോകത്തിൽ വിജയങ്ങളും, അപജയങ്ങളും, തടസ്ഥങ്ങളും, വിഘ്നങ്ങളും, കൌടില്യങ്ങളും, കൌശലങ്ങളും ഉണ്ടെന്നു് അറിയേണ്ടതാണ്. ഈ ആത്മബോധത്തോടുകൂടി ഈശ്വരദത്തമായിട്ടുള്ള ശക്തിയെ, ഉപയോഗിക്കുന്നതായാൽ വിജയം സാദ്ധ്യമാണ്. വിവേചനാബുദ്ധിയുള്ള

ല്പ്പാൾ മിഥ്യയായ മനഃസ്താപത്തിന്ന കാരണം ഉണ്ടാക്കുന്നതു ന്യായമല്ല.

സംപൂൎണ്ണസൌഭാഗ്യം, എന്നൊരവസ്ഥയുണ്ടൊ, എന്ന പലരും ശങ്കിക്കുന്നുണ്ട്. ഇതു് ഓരോരുത്തന്റെ മാനസികവ്യാപാരത്തെ അനുസരിച്ച് ഇരിക്കുന്നതാണ്. ദാരിദ്ര്യത്തെപ്പററി അനവരതമായി വിമൎശനം ചെയ്യുന്നതുതന്നെ അതിന്റെ വൎദ്ധനക്കു കാരണമാകുന്നു. ചിലൎക്കു, സ്വാഭാവികമായും നിത്യമായുമുള്ള അഭ്യാസം കൊണ്ടും ഇങ്ങിനെയുള്ള വിചാരങ്ങളിൽ വലുതായ പ്രതിപത്തിയുണ്ടാകുന്നു. ഒടുവിൽ അതു് അനിവാൎയ്യമായ ഒരു ദോഷമായി പരിണമിക്കുന്നു. ഈ അപകൃഷ്ട വിചാരത്തെ ധ്വംസനംചെയ്യുന്നതിന് അവർ അശക്തന്മാരായി ഭവിക്കുന്നു.

ധനസ്ഥിതിയാണു ഭാഗ്യമെന്നു ചിലരും അധികാരശക്തിയും, സ്ഥാനവലിപ്പവും, ആണു വലുതെന്നു മററു ചിലരും, അന്ധാളിക്കുന്നുണ്ട്. ഇവ ശാശ്വതങ്ങളായ സമ്പാദ്യങ്ങളല്ല. ധനികൻ പലരുടെ ഈൎഷ്യതയ്ക്കും അസഹിഷ്ണുതയ്ക്കും, അവിശ്വാസത്തിനും പാത്രമായിത്തീരുന്നു. ദാരിദ്ര്യത്തിൽ നിന്നും ധനസ്ഥിതിയിലേക്കു കടക്കുന്നതായ ഘട്ടമാണു ഭാഗ്യഘട്ടം എന്നു ചിലർ വിചാരിക്കുന്നുണ്ട്. ഈ സമയത്തുണ്ടാകുന്ന മനോരാജ്യം പലൎക്കും അമിതമായ സന്തോഷത്തെ ഉണ്ടാക്കുന്നു. പലവിധമായ സുഖാനുഭവങ്ങൾക്കു ധനം നിദാനമാകുമെന്ന് ഒരു ജ്ഞാനം മനസ്സിൽ ഉദിക്കുന്നു. ദേശസഞ്ചാരം, വിദ്യാഭ്യാസം, വിശ്രമം, സ്വപരിഷ്കരണം മുതലായവ സാധിക്കുന്നതിന്ന ധനം സഹായിക്കുമെന്ന് ഇവർ വിശ്വസിക്കുന്നു. ആശ്രിതന്മാരെ സഹായിക്കുന്നതിനും ഇതു നല്ലതായ ഒരവസരം തന്നെയാണ്. സകലവിധമായ സുഖോപഭോഗങ്ങൾക്കും സഹായിക്കുന്നതായ സമയം

ഇതുതന്നെയല്ലേ? എന്നാൽ ഇതുകൊണ്ടു മതിയായ ആത്മ
സംതൃപ്തി സിദ്ധിക്കുന്നുണ്ടോ?

ധനം വർദ്ധിക്കുമ്പോൾ അതിനോടുകൂടി മോഹവും, സുഖേച്ഛയും വർദ്ധിക്കുന്നു. സുഖാനുഭവങ്ങളിൽ നിത്യം പെരുമാറിക്കൊണ്ടിരിക്കുമ്പോൾ ചിലപ്പോൾ വിരസത വന്നുചേരുന്നു. ധനത്തെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പലവിധമായ പീഡകളെ ഉണ്ടാക്കുന്നു. അമിതഭോഗങ്ങൾകൊണ്ടു തൃപ്തിപ്പെടുന്നില്ല.

"അവ്യാധിഗാത്രമനുകൂലതരം കളത്രം"

ഈ രണ്ടവസ്ഥകളും ഉണ്ടായാൽ ഭാഗ്യത്തിനു മറെറാന്നും തന്നെ വേണ്ടെന്നു ചിലർ വിചാരിക്കുന്നുണ്ട്. അരോഗത നല്ലതുതന്നെയാണ്. അനുകൂലതരയായ ഒരു ഭാര്യയും വലുതായ സമ്പത്താണ്. പൂർണ്ണസൗഭാഗ്യം ഈ അനുഭവങ്ങൾകൊണ്ടും സിദ്ധിക്കുന്നില്ല.

ഈശ്വരമാഹാത്മ്യത്തെപ്പററി നാം ചിന്തിക്കാത്തതുതന്നെയാണു വലുതായ നിർഭാഗ്യം. സർവ്വസൗഭാഗ്യങ്ങളുടേയും ദാതാവായിരിക്കുന്ന ഈശ്വരനെ നമ്മുടെ നിലയിൽ കൊണ്ടുവരുന്നതാണ്, മഹാപാപം. സർവ്വശക്തനായിരിക്കുന്ന ഈശ്വരന് എന്തെങ്കിലും ദാനം ചെയ്യുന്നതിനു നമുക്കുള്ളതായ ബുദ്ധിമുട്ടുണ്ടോ? നമ്മുടെ അഭീഷ്ടങ്ങളെ നൽകുന്നതിൽ വല്ല നഷ്ടങ്ങളും നേരിടുന്നുണ്ടോ? ഒരു പുഷ്പം സൂര്യന്റെ സ്വല്പമായ ചൂടിനെയും വെളിച്ചത്തെയും മാത്രം അപേക്ഷിക്കാറുണ്ടോ? സൂര്യൻ സകല ചരാചരങ്ങളിലും ഒന്നുപോലെ പ്രകാശിക്കയും ഊഷ്മാവും വെളിച്ചവും എല്ലാത്തിനും ഒന്നുപോലെ ദാനം ചെയ്കയും ചെയ്യുന്നില്ലേ? ഒരു ദീപത്തിൽ നിന്നും മറെറാരു ദീപം ഉണ്ടാകുന്നതിൽ വച്ച് ആദ്യത്തെ ദീപത്തിന്റെ പ്രഭയും, ഊഷ്മാവും, ശക്തിയും കുറ

ഞ്ഞുപോകുന്നുണ്ടോ? അതുപോലെതന്നെ നമ്മുടെ സ്നേഹ ത്തെ മററുള്ളവൎക്ക ദാനം ചെയ്യുന്നതിൽ വച്ചു നാം കുറച്ചു കൂടി ധന്യന്മാരായും, ധനികന്മാരായും, തീരുകയല്ലെ ചെയ്യു ന്നതു്?.

സ്നേഹം വിദ്യാധനത്തെപ്പോലെ വാരി കൊടുക്കുന്തോറും കൂടുതലായി വിളയുന്നതാണു്. സ്നേഹത്തിൻെറ ഉല്പത്തി സ്ഥാനം ഏതാണെന്നു് ആലോചിച്ചാൽ ലോഭം കൂടാതെ അതിനെ ചെലവുചെയ്യുന്നതിനുള്ള താല്പൎയ്യം വൎദ്ധിക്കുന്ന താണു്.

മനുഷ്യജന്മത്തിൽ സംഭവിക്കാവുന്ന അനൎത്ഥങ്ങളെ യോൎത്തു വ്യാകുലപ്പെട്ടുംകൊണ്ടിരുന്നാൽ ഒരിക്കലും സമാധാ നവും, ശാന്തിയും ഉണ്ടാകുന്നതല്ല. നമ്മുടെ ദുഷ്ടവിചാര ങ്ങൾ കാഴ്ചയെ മറക്കും. അതുനിമിത്തം ഐശ്വൎയ്യത്തെ കാ ണുന്നതിനു നമുക്കു സംഗതിയുണ്ടാകയില്ല.

മററുള്ളവർ എല്ലാം സുഖാനുഭവികളായിരിക്കുന്ന ല്ലൊ എന്നും ഞാൻ മാത്രം നികൃഷ്ടാവസ്ഥയിൽ ഉപജീവി ക്കുന്നല്ലോയെന്നും വിചാരിക്കുന്നവനു് ഒരു സുഖവും സിദ്ധി ക്കുന്നില്ല. മററുള്ളവൎക്ക സിദ്ധിച്ചിട്ടുള്ള സൌഭാഗ്യം, നിന ക്കു് അപ്രാപ്തമായിരിക്കുന്നതു് എന്തുകൊണ്ടാണെന്നു നീ വി ചാരിക്കുന്നുണ്ടൊ? അപ്രാപ്തമാണെന്നു നീ, തീൎച്ചയാക്കിയി രിക്കുമ്പോൾ, നിനക്കു ഏതുകാലത്തു് എങ്ങിനെ വിജയം സാ ദ്ധ്യമാകും? ആശയില്ലെങ്കിൽ ആഗ്രഹസാദ്ധ്യം എങ്ങിനെയു ണ്ടാകും? വിജയത്തെപ്പററി വിശ്വാസമില്ലാത്തവൻ ഭാഗ്യ ഹീനൻ തന്നെയാണു്.

മിതമായുള്ള ആഗ്രഹങ്ങളോടുകൂടിയിരിക്കയും എല്ലാ അവസ്ഥകളിലും സന്തുഷ്ടിയോടും സംതൃപ്തിയോടുംകൂടി പ്ര വൎത്തിക്കയും സൎവ്വശക്തനും, സൎവ്വജ്ഞനും പരമകാരുണിക

നം, ആയിരിക്കുന്ന ഈശ്വരങ്കൽ നിഷ്കളങ്കമായുള്ള ഭക്തി വിശ്വാസങ്ങളെ ഉറപ്പിക്കുകയും ചെയ്യുന്നതായാൽ സൌഭാഗ്യം അനുഭവിക്കുന്നതിന്നു സാദ്ധ്യമാകുന്നതാകുന്നു.

"സമ്മാനത്തിങ്കലുള്ളിൽ സമ്മോദമുണ്ടാകാതെ
നിർമ്മൂലമവമാനത്തിലും ഖേദിയാതെ
അക്ഷോഭ്യനായി ഗംഗാതന്നിലെഹ്രദംപോലെ
രക്ഷിച്ചുധർമ്മത്തെയും വാണീടുന്നവൻ വിദ്വാൻ."

---

## സ്വദേശാഭിമാനം.

ഒരു രാജ്യത്തിന്റെ മഹിമ അതിന്റെ ദീർഘവിസ്താരത്തിലല്ലാ സ്ഥിതിചെയ്യുന്നത്. ആ രാജ്യത്തുള്ള ജനങ്ങളുടെ സ്വഭാവത്തിലാകുന്നു. 'എന്റെ രാജ്യം, എന്റെദേശം' എന്നു പറയുമ്പോൾ അഭിമാനം ഇല്ലാത്ത സ്ത്രീപുരുഷന്മാർ ആരാണ്? നാം സ്വരാജ്യത്തെ എന്തുകൊണ്ട് ഇത്ര വളരെ സ്നേഹിക്കുന്നു. നാം ജനിച്ചുവളന്നതു് അവിടെയാണ്. നമ്മുടെ സകല സംസർഗ്ഗങ്ങളും അവിടെയുള്ള ജനങ്ങളോടും വസ്തുക്കളോടും ആണ്. നാം ആദ്യമായി അവിടത്തെ കാലദേശാവസ്ഥകളോട് പരിചയപ്പെടുന്നു. സ്വരാജ്യത്തുള്ള നീതികളെയും സാമുദായികനടപടികളേയും നാം കണ്ടു പരിചയപ്പെടുകയും അവയ്ക്കു് കീഴടങ്ങി രാജ്യത്തിൽ അധിവസിക്കയും ചെയ്യുന്നു. സ്വരാജ്യത്തെ ഭക്ഷണം, വസ്ത്രധാരണം, ഭാഷ, ജനങ്ങളുടെ നടപടി, ഇതുകളുമായി ഒരു പ്രാരംഭപരിചയം നമുക്കുണ്ടാകുന്നു. ഈ പരിചയത്തിന്നു ദാർഢ്യമുണ്ടാകുമ്പോൾ നാം ഇതുകളെയെല്ലാം സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. സ്വരാജ്യത്തുനിന്നും ഉള്ള വേർപാട്

ദുഃഖകരമായിത്തീരുന്നു. ഒരു വൃക്ഷത്തിനെ വേരോടുകൂടി അതിന്റെ ജന്മഭൂമിയിൽ നിന്നും മാറവുന്നതുപോലെതന്നെയാണ്, ഏതെങ്കിലുമൊരുത്തനെ അവന്റെ ജന്മഭൂമിയിൽ നിന്നും ഭ്രഷ്ടനാക്കുന്നത്.

സ്വദേശാഭിമാനിയായ ഒരുവൻ തന്റെഭാഷ സംസാരിക്കുന്നവനും നാട്ടുകാരനും ആയ മറെറാരുവനെ അന്യരാജ്യത്തിൽ വച്ചു കാണുമ്പോൾ വളരെ സ്നേഹബഹുമാനങ്ങളോടുകൂടി ആദരിക്കുന്നു. അതുപോലെ തന്റെ രാജ്യത്തുമാത്രം പ്രത്യേകമായുള്ള ഏതെങ്കിലുമൊരുസാധനം അന്യരാജ്യത്തിൽവച്ചു കാണുമ്പോഴും ആ സാധനത്തോട് പ്രത്യേകമായ ഒരു പ്രീതിയെ പ്രദശിപ്പിക്കുന്നു.

ഓരോ രാജ്യത്തിനും ചില പ്രത്യേകവിശേഷങ്ങളും ചില പ്രത്യേകഗുണങ്ങളും ഉള്ളതാകുന്നു. ഓരോ രാജ്യക്കാരും ഈ ഗുണങ്ങളെ പ്രത്യേകം അഭിമാനിക്കുന്നുണ്ട്.

ഇംഗ്ലീഷുകാർ അവരുടെ രാജ്യത്തെ പ്രത്യേകം സ്നേഹിക്കുന്നതിനു പല കാരണങ്ങളുമുണ്ട്. അവിടെ ജനങ്ങൾക്കു വലുതായ സ്വാതന്ത്ര്യമുണ്ട്. ഓരോ പൌരന്റെ ജീവനും വളരെ വിലയുള്ളതായി ഗണിക്കപ്പെട്ടിരിക്കുന്നു. നീതിന്യായാനുസരണമായ ഒരു വിസ്താരംകൂടാതെ യാതൊരുത്തനെയും കാരാഗൃഹത്തിൽ പാപ്പിച്ചുകൂടുന്ന പ്രത്യേകനിബ്ബന്ധമുള്ളതാകുന്നു അവിടെ സ്വാതന്ത്ര്യമായി ആക്കും രാജ്യഭരണന്യൂനതകളെപ്പററി ആക്ഷേപവാദങ്ങൾ പുറപ്പെടുവിക്കാമെന്നുള്ളതാകുന്നു. എന്നാൽ ആക്കെങ്കിലും മാനഹാനിവരത്തക്കവണ്ണം എന്തെങ്കിലും പ്രവത്തിക്കുന്നതിനു ഒരുത്തക്കും സ്വാതന്ത്ര്യമുണ്ടെന്നു ഇതുകൊണ്ട് അത്ഥമാക്കരുത്. ഭരണത്തിൽ ന്യൂനതയുണ്ടെന്നു തോന്നുന്നപക്ഷം ആ ന്യൂനതയെ മയ്യാദയായവിധത്തിൽ ചൂണ്ടിക്കാണിക്കുന്നതിൽ വി

രോധമില്ല. ഭരണവിഷയത്തിൽ ഉള്ള ഈ സ്വാതന്ത്ര്യം മതവിഷയത്തിലും ഉള്ളതാണ്. സ്വേച്ഛാനുസരണം മതാഭിപ്രായങ്ങൾ വെച്ചുകൊള്ളുന്നതിലും യാതൊരു വിരോധവും ഇല്ലാത്തതാകുന്നു. ഇതുപൊലെ ഇംഗ്ലണ്ടിൻെറ മഹിമയെ കാണിക്കുന്നതായ അനേകലക്ഷ്യങ്ങൾ ഉള്ളതാകുന്നു. ഒരു ഇംഗ്ലീഷുകാരൻ അയാളുടെ രാജ്യത്തെ എങ്ങിനെ സ്നേഹിക്കാതെയിരിക്കും? ഇതുപോലെതന്നെ ഓരോ രാജ്യക്കാരെയും അവരവരുടെ രാജ്യത്തേക്കു പ്രത്യേകമാകർഷിക്കുന്നതായ ചില പ്രത്യേകശക്തികളും സംഗതികളും ഉള്ളതാകുന്നു.

സ്വരാജ്യത്തുള്ള എല്ലാ വസ്തുക്കളേയും ഇത്ര ബലമായി സ്നേഹിക്കുന്നതിനു വേറെ ഒരു കാരണമുണ്ട്. നമ്മുടെ പൂർവ്വീകന്മാർ ഈ സാധനങ്ങളെ സമ്പാദിക്കുന്നതിനു ചിലപ്പോൾ അവരുടെ രക്തത്തെ കൂടി ദാനം ചെയ്തിട്ടുള്ളതാകുന്നു. എന്നുമാത്രവുമല്ലാ, വംശക്രമവും കുലപാരമ്പര്യവും അനുസരിച്ചു ഈ വസ്തുക്കൾ നമുക്കു ലഭിച്ചിട്ടുള്ളതുമാകുന്നു. നമ്മുടെ പൂർവ്വീകന്മാർ പലവിധമായ കഷ്ടനഷ്ടങ്ങളും ദുരിതങ്ങളും അനുഭവിച്ചു ശത്രുക്കളുമായി ഘോരസമരം ചെയ്തു അവർക്കും നമുക്കും വേണ്ടി സ്വരാജ്യത്തെ രക്ഷിച്ചിട്ടുള്ളതാണെന്നു ഓർമ്മിക്കുമ്പോൾ ആ രാജ്യത്തെ സ്നേഹിക്കാതെ ഇരിക്കാൻ സാധിക്കുന്നതാണൊ? നമുക്കുവേണ്ടി രക്തം ചൊരിഞ്ഞിട്ടുള്ള അവരുടെ മഹാമനസ്കതയേയും നിസ്വാർത്ഥപരതയേയും, നാം കൃതജ്ഞതാപൂർവ്വം അഭിനന്ദിക്കേണ്ടതല്ലെ? മാർത്താണ്ഡവർമ്മ മഹാരാജാവു്, രാജാകേശവദാസ്, അയ്യപ്പൻമാർത്താണ്ഡപ്പിള്ള ദളവാ മുതലായ യുദ്ധവീരന്മാർ നിഷ്കപടതയോടുകൂടി സ്വരാജ്യാഭിവൃദ്ധിക്കായി പ്രയത്നം ചെയ്തിട്ടുള്ള സ്വദേശാഭിമാനികൾ തന്നെയാണ്. നമ്മുടെ മതവിശ്വാസത്തെയും, നമ്മുടെ നീതിന്യായങ്ങളെയും, നമ്മുടെ സകല സ്വാതന്ത്ര്യ

ത്തെയും രക്ഷിച്ചിട്ടുള്ളതു ധീരന്മാരായ ഈ പുരുഷകേസരികൾ തന്നെയാണ്.

നാം ഇവക്ക് ഇണപ്പെട്ടിട്ടുള്ളതുപോലെ നമ്മുടെ സന്താനങ്ങളോടും നാം കടപ്പെട്ടിട്ടുള്ളവരാണ്. നാം അനുഭവിക്കുന്നതായ സുഖങ്ങൾക്കെല്ലാം കാരണഭൂതന്മാർ നമ്മുടെ പൂർവികന്മാരായിരിക്കുന്നതുപോലെ നമ്മുടെ സന്താനങ്ങളും നമ്മെപ്പററി കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിനു വേണ്ടതെല്ലാം ചെയ്യേണ്ടതാണ്. ഇതുപോലെതന്നെ മററുള്ളവരുടെ സ്വാതന്ത്ര്യത്തെ ആരെങ്കിലും അന്യായമായിത്തടയുന്നുണ്ടെങ്കിൽ അവക്കു രക്ഷ നൾകേണ്ടതും നമ്മുടെ കത്തവ്യം തന്നെയാണ്. ഇപ്പോൾ നടക്കുന്ന ഭയങ്കരമായ യൂറോപ്യൻ സമരത്തിൽ ഇംഗ്ലീഷുകാർ അവരുടെ ധനത്തെയും പ്രാണനേയും ഉപേക്ഷിച്ചു യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നതു അവരുടെ സുഖത്തെയും രക്ഷയേയും മാത്രം ഇച്ഛിച്ചാണോ? ഇതിനെക്കാൾ വലുതായ ആത്മത്യാഗവും അസ്വാത്ഥപരമായ കൃത്യവും മറേറതാണ്?—ധനസംവദ്ധനയേയൊ, രാജ്യവിസ്താരാഭിവൃദ്ധിയേയോ ഉദ്ദേശിച്ചല്ലാ ഇംഗ്ലീഷുകാർ ഈ ഭയങ്കരയുദ്ധത്തിൽ ഏപ്പെട്ടിട്ടുള്ളതെന്നു അവരുടെ പരമശത്രുക്കൾ കൂടി സമ്മതിക്കുന്നതാണ്. സ്വദേശാഭിമാനത്തിന് ഇതില്പരമായ ഒരു ഉത്തമദൃഷ്ടാന്തം മറേറതാണ്? ഇംഗ്ലീഷുകാരുടെ ഭരണനൈപുണ്യസുഖം അനുഭവിക്കുന്നവരായി അനേകം സ്വദേശരാജാക്കന്മാരുണ്ട്. പ്രസ്തുതയുദ്ധത്തിൽ ഇംഗ്ലീഷുകാരെ എല്ലാവിധത്തിലും ഈ രാജാക്കന്മാർ സഹായിക്കുന്നതിനു സന്നദ്ധരായിരിക്കുന്നു എന്നറിയിച്ചിട്ടുള്ളതും അപ്രകാരം സഹായിക്കുന്നതും സ്വദേശാഭിമാനം കൊണ്ടുതന്നെയാണ്. ഇപ്പോൾ എല്ലാവരും അനുഭവിക്കുന്നതായ സ്വാതന്ത്ര്യത്തെയും സൌഖ്യത്തെയും ഉപേക്ഷിക്കുന്നതിനുആക്കെങ്കിലുംതാല്പയ്യമുണ്ടാകുന്നതാണോ?

സ്വരാജ്യത്തിനുവേണ്ടി ആത്മത്യാഗം ചെയ്യുന്നവനേക്കാൾ ഭാഗ്യവാനും പുണ്യശ്ലോകനുമായ പുരുഷൻ മററാരാണ്? സ്വരാജ്യത്തിലെ വ്യവസായം, വാണിജ്യം, വിദ്യാഭ്യാസം മുതലായവയെ സഹായിക്കുന്നതിനും അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനും ശ്രമിച്ചിട്ടുള്ള മഹാന്മാരെ ആരും ഒരു കാലത്തും മറക്കുന്നതല്ല.

ഒരു കാലത്തു സ്പാർട്ടാ എന്ന രാജ്യത്തെ ശത്രുക്കൾ ആക്രമിച്ചു വളഞ്ഞപ്പോൾ "നമ്മുടെ രാജ്യത്തു ബലമുള്ള പ്രാകാരങ്ങളില്ലല്ലോ" എന്നു ചില ഭടന്മാർ സേനാനായകനോടു പറഞ്ഞു. "നിങ്ങളിൽ ഓരോരുത്തനും അപ്രകാരമുള്ള ഒരു പ്രാകാരത്തിൻെറ ഓരോ കല്ലാണെന്നാണ് ഞാൻ വിചാരിക്കുന്നതു്" എന്ന് അദ്ദേഹം മറുപടി പറഞ്ഞു.

സ്വരാജ്യക്ഷേമത്തെ തൃണവൽഗണിച്ച് തങ്ങളുടെ സമയത്തെ ദുർവ്യയം ചെയ്തും സാധുക്കളെ നിർദ്ദയമായി ഉപദ്രവിച്ചും അമിതഭോഗങ്ങളിൽ അത്യാസക്തിയോടു മുഴുകിയും കാലയാപനം ചെയ്യുന്നവർ രാജദ്രോഹികൾ തന്നെയാകുന്നു.

ലോകചരിത്രത്തെ പഠിപ്പിക്കുമ്പോൾ അദ്ധ്യാപകന്മാർ അദ്ധ്യേതാക്കളുടെ ശ്രദ്ധയെ പ്രത്യേകമായി ഈ വിഷയത്തിലേക്കു ക്ഷണിക്കേണ്ടതും ഉത്തമദൃഷ്ടാന്തങ്ങൾകൊണ്ടു അവരുടെ മനസ്സിനെ ഉല്ലസിപ്പിക്കേണ്ടതുമാകുന്നു. മനുഷ്യർ എല്ലാപേരും ഒരുകാലത്തു അപരിഷ്കൃതാവസ്ഥയിലുള്ള കാട്ടാളന്മാരായിത്തന്നെയിരുന്നു. പരസ്പരം യുദ്ധംചെയ്തു അനേക സങ്കടങ്ങൾ അനുഭവിച്ചിട്ടുള്ളതിൻെറ യാഥാർത്ഥ്യത്തെപ്പററി ആലോചിക്കുമ്പോൾ ഈ യുദ്ധത്തിനു അവരെ പ്രേരിപ്പിച്ചതായ ശക്തി സ്വദേശാഭിമാനമാണെന്നു സ്പഷ്ടമാകുന്നതാണ്.

ജനങ്ങൾ ഓരോ നായകന്മാരുടെ കീഴ്‌വൎത്തിയിൽ ഉൾപ്പെട്ട് ആദ്യം യുദ്ധം ചെയ്തുകൊണ്ടിരുന്നു. അതിബലവാന്മാരായ നായകന്മാർ ശക്തിഹീനന്മാരെ യുദ്ധത്തിൽ പരാജിതരാക്കി രാജ്യങ്ങൾ സ്ഥാപിച്ചു. ഭിന്നവൎഗ്ഗക്കാരുടെ മത്സരങ്ങളെ നശിപ്പിച്ച്, അവരെ ഏകീകരിക്കുന്നതിനു വലുതായ പ്രയത്നാക്രൂടാതെ സാധിക്കുന്നതല്ല. ഈ ഏകീകരണംകൊണ്ടാണ് ഒരു സമുദായംതന്നെ ആദ്യമുണ്ടാകുന്നത്. പല സമുദായങ്ങൾ ഒന്നിച്ചു ചേരുമ്പോൾ ഒരു ജനപദം, അല്ലെങ്കിൽ ഒരു ജനസമൂഹം ഉണ്ടാകുന്നു. ഈ ജനസമൂഹം ഒരു ഭരണാധികാരിയുടെ ആജ്ഞയെ അനുസരിച്ചിരിക്കുന്നു. ഈ ആജ്ഞാനുസാരികൾ സ്വദേശാഭിമാനികളായിരുന്നാൽ ആ രാജ്യത്തിനു പിന്നെ എന്തു രക്ഷയാണ് വേണ്ടത്?

---

## നിദ്രയും, മനോസുഖവും.

"നിദ്ര അതിപാവനവും നിൎദ്ദോഷവുമായ ഒരനുഗ്രഹം ആകുന്നു. മനോവിപ്ലവങ്ങളെ നശിപ്പിച്ചു സുശാന്തതയെ വൎദ്ധിപ്പിക്കുന്നതു നിദ്രതന്നെയാണ്. ഓരോ ദിവസത്തെ ജീവിതവും നിദ്രയാകുന്ന മരണത്തിൽ അവസാനിക്കുന്നു. അതിക്ലേശകരമായ പ്രയത്നത്തിന്റെ അവസാനത്തിൽ അതിശീതളമായ സ്നാനസുഖത്തെ അതു നല്കുന്നു. വ്രണപ്പെട്ട ഹൃദയങ്ങളുടെ പ്രശമനത്തിനു അതു സിദ്ധൌഷധമാകുന്നു. ജീവപോഷകവസ്തുക്കളിൽ അതു പ്രഥമസ്ഥാനത്തെ അൎഹിക്കുന്നു." നിദ്രയെപ്പററി ഷേക്സ്പീയർ മഹാകവി അഭിപ്രായപ്പെട്ടിട്ടുള്ളതിങ്ങിനെയാണ്. തുഞ്ചത്തെഴുത്തച്ഛൻ നിദ്രാവിഹീനന്മാരെപ്പററി പറയുന്നതു മേൽ വിവരിച്ച ഊഹങ്ങളോടു സാമ്യപ്പെടുത്തി നോക്കുമ്പോൾ അമാനുഷരായിരു

ന്ന ഈ കവിവൎയ്യന്മാരെ പററി ആക്ക്യാണ് ബ്ഹുമതിതോ
ന്നാത്തതു:

"ബലവാൻതന്നാലഭിയുക്തനായ് ചമഞ്ഞൊരു
ബലഹീനനും വൃത്തിസാധനവിഹീനനും
ഹൃതദ്രവ്യനുമതികാമികളുംതസ്കരനും
ക്ഷിതിനായകാനിദ്രയില്ലെന്നുകേൾപ്പുണ്ടാനൊ."

നിദ്രയില്ലാതെ വലഞ്ഞധൃതരാഷ്ട്രർ വെന്തുരുകിയ ചിത്ത
ത്തോടുകൂടി വിദുരരോടു അതിനുള്ള പരിഹാരമാൎഗ്ഗം ചോദി
ച്ചപ്പോൾ വിദുരർ ചെയ്തതായ സാരോപദേശമാണ് മേല്പറ
ഞ്ഞവരികളിൽ ഉദ്ധരിച്ചിട്ടുള്ളതു. മനഃക്ലേശപരിഹാരത്തി
നുള്ള സിദ്ധൌഷധം നിദ്രതന്നെയാണെന്നു ഇതുകൊണ്ടുവ്യ
ക്തമാകുന്നു അതിക്രൂരമായ ഒരു കൊലപാതകം നടത്തിയ
ഒരു മഹാപ്രഭുവിന്റെ കഷ്ടതയെയാണു ഷേക്സ്പീയർ മഹാ
കവി വൎണ്ണിച്ചിട്ടുള്ളതു്. ഘോരമായ ആ അകൃത്യം കൊണ്ടു
പ്രഭുവിന്റെ നിദ്രയ്ക്കു ഭംഗം വന്നു. ഈശപ്രദത്തമായ ഈ
അനുഗ്രഹത്തെ നശിപ്പിച്ചാൽ മനസ്സിനു ശാന്തതയുണ്ടാകു
വാൻ ഒരു മാൎഗ്ഗവുമില്ല.

പകൽസമയം എന്തെല്ലാം ക്ലേശങ്ങൾ അനുഭവിച്ചി
രുന്നാലും മനസ്സിനു ഒരു സമതോലനം വരുത്താതെ നിദ്ര
യ്ക്കു് ആരംഭിച്ചുകൂടാത്തതാകുന്നു. പകൽസമയത്തു മനസ്സിൽ
സംഗ്രഹിച്ചിട്ടുള്ള ഊഹങ്ങളെല്ലാം രാത്രിയിൽ നിദ്രയ്ക്കാരം
ഭിക്കുമ്പോൾ മനസ്സിനെ വ്യതിചലിപ്പിക്കാതെ ഇരിക്കയി
ല്ലെന്നു ശരീരശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. നാം
നിദ്രാവശംവദന്മാരായി തീൎന്നതിനു ശേഷവും, ഈ വിചാര
ങ്ങൾ മനസ്സിൽ നൃത്തംചെയ്തുകൊണ്ടിരിക്കുന്നു.

മനസ്സിനും, ശരീരത്തിനും തമ്മിൽ വലുതായ ബന്ധ
ത്വം ഉണ്ടു്. ഇതുനിമിത്തം മനോവികാരങ്ങൾ ദേഹത്തിൽ

പ്രതിഫലിക്കുന്നു. ഒരു രാത്രികൊണ്ടു, സുഖശരീരന്മാരായിരുന്നിട്ടുള്ള ചിലരെ ജർമ്മനരകരം ബാധിച്ചിട്ടുണ്ടു്.

പകൽസമയം സമ്പാദിച്ചിട്ടുള്ളതായ വ്യാകുലതയെ നിദ്രാസമയത്തു നീക്കുവാൻ സാധിക്കാത്തതുകൊണ്ടു ചിലർ അല്പായുഷ്മാന്മാരായിത്തീൎന്നു അകാലമൃത്യുവിനു വശംവദന്മാരാകുന്നു.

പകൽസമയം മനസ്സിനെ അതികഠിനമായി വ്യാപരിപ്പിക്കുന്ന ചിലർ നിദ്രകൂടാതെ രാത്രിയിൽ കിടന്നുരുളുകയും അതിതീവ്രമായ വേദന അനുഭവിക്കയുംചെയ്യുന്നു. ഒടുവിൽ ഇവരുടെ മനസ്സ് ക്ഷീണിക്കുമ്പോരം ഇവർ നിദ്രയിൽ വീഴുന്നു. ഇതിനു സുഖനിദ്രയെന്നു പേരുകൊടുക്കുന്നതിനേക്കാരം മയക്കമെന്നു പറയുന്നതാണു കുറച്ചുകൂടി യോജ്യമായിരിക്കുന്നതു്. ആഫ്രിക്കാരാജ്യത്തുള്ള മണലാരണ്യങ്ങളിൽ സഞ്ചരിക്കുന്ന ഒട്ടകങ്ങരം ക്ഷീണിക്കുമ്പോരം അവയുടെ പുറത്തുള്ള വലിയ ഭാരങ്ങളോടുകൂടി വിശ്രമത്തിനും നിദ്രയ്ക്കുമായി എവിടെയെങ്കിലും മറിഞ്ഞുവീണു കിടക്കാറുണ്ടു്. അതുപോലെതന്നെയാണ്, മനഃശാന്തതയില്ലാത്തവർ നിദ്രയ്ക്കായി ചെന്നു കിടക്കുന്നതു്. മനഃശാന്തതയുള്ളവൻ നിദ്രയിൽനിന്നും എഴുന്നേല്ക്കുമ്പോരം ഉൗൎജ്ജസ്വലനും, ഉത്സാഹിയുമായിരിക്കും. അവൻെറ ദിനകൃത്യങ്ങളെ നിർവ്വിഘ്നമായും ഭംഗിയായും നിർവ്വഹിക്കുന്നതിന് ഈ ഉത്സാഹശക്തി അവനെ സഹായിക്കുന്നതാകുന്നു. അതുകൊണ്ടു നിദ്രയ്ക്കു് ആരംഭിക്കുന്നതിനുമുമ്പിൽ നാം മനസ്സിനെ സ്വാധീനമാക്കി സുഖപ്പെടുത്തണമെന്നു വ്യക്തമാകുന്നുണ്ടല്ലൊ.

നിദ്രയ്ക്കു പോകുന്നതിനു മുമ്പിൽ ചിലർ ശരീരസുഖത്തെ കാംക്ഷിച്ചു സ്നാനംചെയ്യാറുണ്ടല്ലൊ. ദേഹത്തെ സേചനംചെയ്തു ശുദ്ധിയാക്കുന്നതുപോലെ മനസ്സിൻെറ നൈൎമ്മല്യത്തെ നീക്കുവാൻകഴിയുമെങ്കിൽ സുഖനിദ്ര ലഭിക്കുന്നതാണ്

മനസ്സിനെ പീഡിപ്പിക്കുന്നതായ കാമ,ക്രോധ,മദമാത്സര്യാദികളെ നിഷ്കാസനംചെയ്യുന്നില്ലാതെ മനഃശാന്തതയുണ്ടാകുന്നതല്ല. സമസൃഷ്ടങ്ങളിൽ ആരെഎങ്കിലും ഉപദ്രവിക്കണമെന്നൊ ദ്വേഷിക്കണമെന്നൊ ഉള്ള വിചാരം മനസ്സിൽ കിടക്കുമ്പോൾ ശാന്തതയ്ക്കു ലവലേശം ആഗ്രഹിക്കേണ്ട. ഈ വിചാരം മനസ്സിനെ വ്രണപ്പെടുത്താതെ ഇരിക്കയില്ല. വ്രണപ്പെട്ട മനസ്സ വേദനയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കും. ഇരുപത്തിനാലുമണിക്കൂറിൽ ഒരു നിമിഷമെങ്കിലും മനസ്സിന്ന സ്വല്പമായ ഒരു സ്വാസ്ഥ്യം കൊടുക്കേണ്ടതു വിഹിതമാണ്.

"നിൻെറ ദേഷ്യഭാവം കണ്ടുംകൊണ്ടു സൂര്യൻ അസ്തമിക്കാതിരിക്കട്ടെ" എന്നു സെൻറ്പാൾ ഉപദേശിക്കുന്നു. ഇതിൻെറ താൽപര്യം എന്താണ്? ദേഷ്യത്തോടുകൂടി ഒരിക്കലും ഉറങ്ങുന്നതിന് ഒരുങ്ങരുതെന്നു തന്നെയാണ്. ഉത്സാഹകരമായവിചാരങ്ങളും ഉന്മേഷപ്രവർദ്ധകങ്ങളായ ആഗ്രഹങ്ങളും ആശകളും മനസ്സിൽ ഉണ്ടായിരിക്കണം. ആദർശമായിനാം കരുതിയിട്ടുള്ള ഉത്തമദൃഷ്ടാന്തങ്ങളോടു കഴിയുന്നതും സമീപിക്കുന്നതിന്നുതന്നെ പ്രയത്നിക്കേണ്ടതാകുന്നു.

നാം ഏതു പുരുഷനേയൊ ഏതു സ്ത്രീയേയോ മാതൃകയായിസ്വീകരിക്കണമെന്ന് ഉദ്ദേശിക്കുന്നുവോ ആ പുരുഷൻേറയോ സ്ത്രീയുടേയോ ഗുണസ്വഭാവത്തേയും പ്രവൃത്തിയേയുംഅനുഗമിക്കുന്നതിന്നു ശ്രമിക്കേണ്ടതാണ്. നിരന്തരമായ ഈ ശ്രമം കൊണ്ട് അവക്കുള്ളതായ ഗുണങ്ങൾ നമുക്കുണ്ടാകാതെ ഇരിക്കയില്ല.

"നിദ്രക്കായിപ്രവേശിക്കുമ്പോൾ അതിസാഹസമായ മനോവിചാരങ്ങൾ എന്നെ നിത്യം ശല്യംചെയ്തുകൊണ്ടിരിക്കുന്നു" എന്നു പ്രസിദ്ധനായ ഒരു ധനികൻ അദ്ദേഹത്തിൻെറ സ്നേഹിതനോടു പറഞ്ഞു. "നിങ്ങളുടെ വ്യാപാരശാ

ലയുടെ വാതലുകൾ ബന്ധിക്കുന്ന സമയം തന്നെ നിങ്ങളുടെ വിചാരത്തിന്റെ വാതലും ബന്ധിക്കേണ്ടതാണെന്നു" ആ സ്നേഹിതൻ മറുപടി പറഞ്ഞു. ധനികൻ ഈ ഉപദേശത്തെ സ്നേഹപൂർവ്വം സ്വീകരിച്ചു പ്രവർത്തിച്ചതിനാൽ കുറച്ചു കാലം കൊണ്ടു് അതിഭാഗ്യവാനായിത്തീൎന്നു.

നാം സ്നേഹിതന്മാരുമായി സുഖസംഭാഷണത്തിൽ പ്രവേശിക്കുന്നതും വൈകുന്നേരം സവാരിപോകുന്നതും എല്ലാം ഈ മനഃശാന്തതയെ ഉദ്ദേശിച്ചുതന്നെയാണു്. ദേഹത്തിനും മനസ്സിനും തമ്മിലുള്ള ബന്ധത്തെപ്പററി ആലോചിക്കുമ്പോൾ ദേഹവ്യായാമം മനഃശാന്തതയ്ക്കു് അത്യാവശ്യമാണെന്നു ബോദ്ധ്യമാകുന്നതാണു്.

മനസ്സിനെ ഭരിക്കുന്നതിനു ശ്രമിക്കേണ്ടതാകുന്നു "കിടപ്പുമുറിയിൽ ചെന്നാൽ ഞാൻ മനസ്സിനെ ക്ലേശിപ്പിക്കത്തക്കവണ്ണം ഒന്നും തന്നെ വിചാരിക്കയില്ല" എന്നു് ഒരു ആദർശവാക്യം എഴുതി ആ മുറിയിൽ തൂക്കുന്നതു നന്നായിരിക്കുമെന്നു് ഒരു മഹാൻ അഭിപ്രായപ്പെടുന്നു.

ഉറങ്ങാൻ ഭാവിക്കുന്നതിനു മുൻപിൽ ഈശ്വരപ്രാൎത്ഥന നടത്തണമെന്നു് ഒരു നിഷ്ഠ ഉണ്ടായിരുന്നാൽ മനശ്ശാന്തതയുണ്ടാകാതെ നിവൃത്തിയില്ല. നമ്മുടെ പാപകൃത്യങ്ങളെയും പാപവിചാരങ്ങളെയും പററി നാം അപ്പോൾ സ്മരിക്കാതെ ഇരിക്കയില്ല. ഈ സ്മരണ നമ്മുടെ മറെറല്ലാവിചാരങ്ങളെയും പാവനമാക്കാതെയിരിക്കയില്ല.

മനുഷ്യസ്വഭാവത്തിന്റെ സ്വരൂപണത്തിങ്കൽ നിദ്ര എത്രമാത്രം സഹായിക്കുന്നുണ്ടെന്നു് ആരും അറിയാറില്ല. വാസ്തവത്തിങ്കൽ നമുക്കുള്ള അനേകം ദുൎഗ്ഗുണങ്ങളെ മാററുന്നതു നിദ്രതന്നെയാണു്.

# വിജ്ഞാപനം.

| | രൂ. | ച. | കാ. |
|---|---|---|---|
| പദ്യമഞ്ജരി ൧-ാംഭാഗം (പരിഷ്കരിച്ചപതിപ്പ്) | | | |
| ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ, എം. എ. ബി. എൽ. | 0 | 4 | 0 |
| ടി ൨-ാംഭാഗം ടി | 0 | 4 | 0 |
| ടി ൩-ാംഭാഗം ടി | 0 | 4 | 0 |
| ടി ൪-ാംഭാഗം ടി | 0 | 4 | 0 |
| ടി ൫-ാംഭാഗം ടി | 0 | 8 | 0 |
| ടി ൬-ാംഭാഗം ടി | 0 | 10 | 0 |
| മംഗളമഞ്ജരി (സവ്യാഖ്യാനം) ടി | 0 | 14 | 0 |
| പ്രാചീനമലയാളമാതൃകകൾ രാമചരിതം ടി | 1 | 0 | 0 |
| മദ്ധ്യമലയാളമാതൃകകൾ ടി | | | |
| കണ്ണശ്ശരാമായണം സുന്ദരകാണ്ഡം | 1 | 0 | 0 |
| ഉമാകേരളം മഹാകാവ്യം ടി | 1 | 14 | 0 |
| മാതൃകാജീവിതങ്ങൾ ടി | 0 | 7 | 0 |
| [illegible]ചന ൧-ാംഭാഗം കെ. പരമുപിള്ള എം. എ | 0 | 4 | 0 |
| ടി ൨-ാംഭാഗം ടി | 0 | 7 | 0 |
| ടി ൩-ാംഭാഗം ടി | 0 | 9 | 0 |
| സന്മാർഗ്ഗപാഠങ്ങൾ ഉള്ളൂർ. [illegible]അയ്യർ | 0 | 4 | 0 |
| ഭൂമിശാസ്ത്രം ൨-ാംക്ലാസ്സ് | 0 | 3 | 9 |
| ടി ൩-ാംക്ലാസ്സ് ടി | 0 | 4 | 0 |
| ടി ൪-ാംക്ലാസ്സ് ടി | 0 | 7 | 2 |
| വിജ്ഞാനനിക്ഷേപം കെ. വേലുപ്പിള്ള ബി. എ. ബി. എൽ | 0 | 5 | 0 |
| അഭിനയപ്പാട്ട് പെൺപള്ളിക്കൂടം കെ. ചിന്നമ്മ | 0 | 4 | 0 |
| പ്രകൃതിപാഠങ്ങൾ ടി | 0 | 7 | 0 |
| ആരോഗ്യരക്ഷ ഡാക്ടർ ശങ്കരമൂർത്തിപ്പിള്ള | 0 | 7 | 2 |
| സദാചാരരത്നാവലി കെ. പപ്പുപിള്ള ബി. എ. | 0 | 12 | [illegible] |
| വാറൻ ഹേസ്റ്റിംഗ്സ് | | | |
| കെ. നാരായണൻപണ്ടാല, ബി. എ. ബി. എൽ | 0 | 14 | |
| കപാലകുണ്ഡല വി. കൃഷ്ണൻ തമ്പി ബി. എ. | 0 | 21 | |
| ഷഷ്ടിപൂർത്തിദർപ്പണം ടി | 0 | | |
| പ്രകൃതിപാഠകഥകൾ ടി | | | |
| ഭൂമിശാസ്ത്രം നാലാംക്ലാസ്സിലേക്ക നെല്ലയപ്പഅയ്യർ | | | |
| ടി തമിഴ് ടി | | | |
| തിരുവിതാംകൂർചരിത്രം ടി | | | |

വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും ഒരു വലിയ ൫൦ X ൩൬ ചായമിട്ട തിരുവിതാംകൂർ കാത്തിരിക്കണ.

കരാറ്

പുളിമൂട്ട് പുത്തൻ

K73

# സദാചാരരത്നാവലി

## രണ്ടാം ഭാഗം.

1184
9.73

കെ. പപ്പുപിള്ള, ബി. എ.

---

പ്രസാധകന്മാർ,

കരാർ ആർ സുന്ദരമയ്യർ ആൻറ് കോ,

പുളിമൂട്ട്, പുത്തൻചന്ത തിരുവനന്തപുരം.

---

രണ്ടാം പതിപ്പ് കാപ്പി—൫൦൦൦.

വില ചക്രം ൫.